2013 MARCH | Vol.12 | Issue 3 | ₹15

# ഏകയ്റോസ്

## വന്ദനം വാക്കിന്

## ഈസ്റ്റർ ആശംസകൾ

# നന്മയിൽ വളരാനുള്ള വായന



സ്കൂളിൽ പഠിക്കുന്ന കാലത്ത് ആവേശത്തോടെ കാത്തിരുന്നിട്ടുള്ള ഒരു കത്തോലിക്കാ പ്രസിദ്ധീകരണം 'സ്നേഹസേന' എന്ന കൊച്ചു മാസികയായിരുന്നു. അക്കാലത്ത് വീട്ടിൽ പതിവായി എത്താറുണ്ടായിരുന്ന ഒരു പ്രസിദ്ധീകരണമായിരുന്നു അമ്മ മാസിക. ചെറുപ്പത്തിൽ വായിച്ച പുസ്തകങ്ങളിൽ ഇപ്പോഴും ഓർമയിൽ തങ്ങി നിൽക്കുന്നത്, ധാരാളം കഥകളും, കാർട്ടൂൺ ചിത്രങ്ങളുമെക്കെയുണ്ടായിരുന്ന ഡോൺ ബോസ്കോയെക്കുറിച്ചുള്ള തടിയൻ പുസ്തകമാണ്.

പുതിയ കാലഘട്ടത്തിൽ വായന കൂടുന്നോ, കുറയുന്നോ എന്നൊക്കെയുള്ള തർക്കങ്ങൾ എന്നെങ്കിലും തീരുമോ എന്നറിയില്ല. പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളുടെയും, മാസികകളുടെയും, പത്രങ്ങളുടെ കോപ്പികളുടെ എണ്ണവും കൂടിയിട്ടേയുള്ളൂ എന്നതാണൊരവകാശവാദം. വായന കുറഞ്ഞിട്ടില്ല, വായനയുടെ രീതി മാറിയെന്നേയുള്ളൂ എന്നൊരുകൂട്ടർ. ഗ്രാമറും, സ്പെല്ലിങ്ങും വേണ്ടാത്ത എസ്.എം.എസും, പണം മുടക്കാതെ എത്തുന്ന ഇ-മെയിലും ഫേസ്ബുക്ക് പോസ്റ്റുകളുമൊക്കെ വായനയല്ലേ, ഞങ്ങൾ എപ്പോഴും വായിച്ചു കൊണ്ടിരിക്കുകയല്ലേ എന്ന് ചോദിക്കുന്ന ഒരു വിഭാഗം. ഇതിനെയൊക്കെ ഗൗരവമുള്ള വായനയായി ആർക്കെങ്കിലും കണക്കിലെടുക്കാനാവുമോ എന്ന് അരിശപ്പെടുന്ന ചിലർ. മനുഷ്യന്റെ മനസ്സിനെ മയക്കിക്കിടത്തുന്ന ചിന്തയെയും ഭാവനയെയും എല്ലാം തളർത്തുന്ന ഡെഡ് മീഡിയമായ ടെലിവിഷനുണ്ടാക്കുന്നത്ര അപകടം എത്ര മാത്രം ലാഘവത്വത്തോടെയുള്ള വായനയും ഉണ്ടാക്കില്ല എന്നാശ്വസിക്കുന്ന മറ്റു ചിലർ. വായനയെക്കുറിച്ചുള്ള തർക്കമാണെങ്കിലും കുറെപ്പേരെയത് വായിക്കാൻ പ്രേരിപ്പിക്കുകയാണെങ്കിൽ അത് നല്ലതുതന്നെ. കത്തോലിക്കാ സഭയുടെ പഠനങ്ങൾക്കും, കാഴ്ചപ്പാടുകൾക്കും, ധാർമിക നിലപാടുകൾക്കും ചേരുന്ന രീതിയിൽ എഴുതുന്നവരെയല്ലേ കത്തോലിക്കാ എഴുത്തുകാരായി കരുതാനാവൂ. വളരെക്കുറച്ച് അംഗീകാരം ലഭിക്കുന്ന ഒരു കൂട്ടരാണിവരെന്നതൊരുവാസ്തവം. സാധാരണ ഗതിയിൽ അവർക്കാരും പ്രതിഫലം നൽകാറില്ല. സമൂഹത്തിനും, സഭയ്ക്കും തങ്ങളെക്കൊണ്ട് ആവുന്ന ഒരു നന്മചെയ്യുന്നു എന്നൊരു സംതൃപ്തിമാത്രം. മറ്റ് മാധ്യമങ്ങൾക്ക് താത്പര്യം ഉണ്ടാകണമെങ്കിൽ എരിവും, പുളിയും വേണം. മൂല്യങ്ങൾക്കും, ധാർമികതയ്ക്കും പ്രാധാന്യം നൽകുന്നതുകൊണ്ട് വിട്ടു വീഴ്ചകൾ അസാധ്യം. ഫലമോ പ്രതിഫലം നൽകാൻ കഴിയുന്ന വാണിജ്യ പ്രസിദ്ധീകരണങ്ങളുടെ പരിധിയിൽ നിന്നവർ പുറത്താകുന്നു.

നല്ല വായന പ്രോൽസാഹിപ്പിക്കാൻ വേണ്ട ചില പദ്ധതികൾ. നന്മ പടർത്താൻ ശ്രമിക്കുന്ന പ്രദ്ധീകരണങ്ങളെയും എഴുത്തുകാരെയും ഫലപ്രദമായി സഹായിക്കാനും വളർത്താനും എന്താണ് മാർഗം. ആധുനിക മാദ്ധ്യമങ്ങൾ പുതിയ തലമുറയെ വഴിതെറ്റിക്കുന്നു എന്നൊക്കെ വിലപിക്കുന്നതിനൊപ്പം നല്ലത് ചിലത് ചൂണ്ടിക്കാണിച്ചുകൂടേ?

കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ തമ്മിൽ കുടുതൽ പരസ്പര ധാരണയും സഹകരണവും ആകാം. നന്മ വളർത്താനും ഒന്നിച്ചു വളരാനും കൂടുതൽ വഴികൾ കണ്ടെത്തണം. ആശയങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനും, പരസ്പര വിശ്വാസത്തിന്റെയും, പ്രോൽസാഹനത്തിന്റെയും പശ്ചാത്തലമൊരുക്കാനുമായി എഴുത്തുകാരുടെ ഒരു കൂട്ടായ്മ വളർത്താനാവില്ലേ.

അടിക്കുറിപ്പ്: ഉന്നത സർക്കാർ ഉദ്യോഗസ്ഥനോട് എങ്ങനെയാണ് സിവിൽ സർവീസ് പരീക്ഷയ്ക്ക് ഒരുങ്ങിയത്, വിജയിച്ചത് എന്നു ചോദിച്ചപ്പോൾ ലഭിച്ച മറുപടിയിതായിരുന്നു 'അധ്യാപികയായ അമ്മയിൽ നിന്ന് ചെറുപ്പത്തിൽ പുസ്തകങ്ങളല്ലാതെ, കളിപ്പാട്ടങ്ങൾ എനിക്കൊരിക്കലും സമ്മാനമായി കിട്ടിയിട്ടില്ല'.

*സ്നേഹപൂർവം,*
***ചാക്കോച്ചൻ ഞാവള്ളിൽ***
*kairosmag@gmail.com*

Kairos Magazine | March 2013 | Vol.12 | Issue 3 | www.kairos.jesusyouth.org | facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ–683 503. ഫോൺ: 0484 – 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: **₹ 180** | അഞ്ചു വർഷത്തേക്ക് **₹ 800** | വിദേശത്തേക്ക് **₹ 1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജിബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9645869036, ഓഫീസ് **സന്തോഷ് ജോസഫ്** 9645997378, **റ്റിജോമോൻ ജയിംസ്** 9495915929

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

**കത്തുകൾ**

## ആഴമുള്ള അനുഭവങ്ങൾ കുറയുന്നു

പ്രിയ എഡിറ്റർ,

കെയ്റോസ് മാസിക കെട്ടിലും മട്ടിലും നല്ല നിലവാരം പുലർത്തുന്നതിൽ സന്തോഷമുണ്ട്. ലേഖനങ്ങളും സ്ഥിരം പംക്തികളും ആകർഷകമാണ്. എന്നാൽ ആത്മീയമായ ആഴം കുറയുന്നുണ്ടോ എന്ന് സംശയമുണ്ട്. യുവാക്കളെ പ്രചോദിപ്പിക്കുന്ന, കഴമ്പുള്ള, വ്യക്തിപരമായ ആത്മീയ അനുഭവങ്ങൾ ഇപ്പോൾ അധികമില്ലെന്ന് പറയേണ്ടിയിരിക്കുന്നു. അനുഭവങ്ങളായിരിക്കും ചിലപ്പോൾ പേജുകൾ നീളുന്ന ലേഖനങ്ങളെക്കാൾ ഹൃദയങ്ങളെ സ്വാധീനിക്കുന്നത്. കെയ്റോസിൽ നിന്ന് ദൈവാനുഭവങ്ങളും മാനസാന്തര കഥകളും കൂടുതൽ പ്രതീക്ഷിക്കുന്നു. സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അതിനെ ആത്മീയമായി എങ്ങനെ സമീപിക്കാമെന്ന കാര്യവും കണക്കിലെടുക്കണം. മാസികയ്ക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

*സെബാസ്റ്റ്യൻ വി. കോട്ടയം*

ജേക്കബ് കോച്ചേരി



# ഒരു ചെറു പുഞ്ചിരിയിൽ വിരിയുന്ന വസന്തം

സ്റ്റാഫ് മീറ്റിങ്ങിൽ മാനേജരച്ചന്റെ ശബ്ദം കർക്കശമായി മുഴങ്ങി. വിദ്യാലങ്ങളിൽ രാഷ്ട്രീയപ്രവർത്തനം നിരോധിച്ചതാണെങ്കിലും നമ്മുടെ സ്കൂളിൽ ഒളിഞ്ഞും തെളിഞ്ഞുമുള്ള രാഷ്ട്രീയ പ്രവർത്തനവും ലഹരിവസ്തുക്കളുടെ ഉപയോഗവുമുണ്ട്. നിങ്ങൾ അധ്യാപകരുടെ ശ്രദ്ധയില്ലായ്മകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്... അധ്യാപകർക്ക് ഇച്ഛാഭംഗം.

ക്ലാസ്സിൽ പുറകിലെ ബഞ്ചിൽ അശ്രദ്ധനായിരിക്കുന്ന ദീപുവിനെ നിസി ടീച്ചർ ശ്രദ്ധിച്ചു. ക്ലാസ്സുകഴിഞ്ഞ് ദീപുവിനേയും കൊണ്ടാണ് അന്ന് പുറത്തിറങ്ങിയത്.

നീയെത്ര ദൂരെനിന്നാണ് സ്കൂളിലെത്തുന്നത്, മറ്റേതെങ്കിലും കുട്ടിയായിരുന്നെങ്കിൽ എല്ലാദിവസവും സ്കൂളിലെത്തില്ലായിരുന്നു. പിന്നെ, സ്പോർട്സ് ദിനത്തിൽ ദീർഘദൂര ഓട്ടത്തിൽ ദീപുവിന് 2-ാം സ്ഥാനം കിട്ടിയത് ഞാൻ ശ്രദ്ധിച്ചിരുന്നു. ജോബിന് പ്രത്യേക പ്രാക്ടീസ് ഉള്ളതുകൊണ്ടാണ് ഒന്നാസ്ഥാനം കിട്ടിയത്. അടുത്ത വർഷം ജോബിനൊപ്പം നീയും പ്രാക്ടീസിന് ഇറങ്ങണം. ദീപുവിലെ നന്മയുടെ കടലാസാണ് ടീച്ചർ ആദ്യദിവസം നിവർത്തിയത്. പിറ്റേന്ന് ദീപു ടീച്ചറിനെ കാത്ത് നിന്നു.

ദീപു നീ എത്രനല്ല കുട്ടിയാണ്. പക്ഷേ, നിന്റെ കൂട്ടുകാരൊക്കെ നല്ലവനാണെന്ന് എനിക്ക് തോന്നുന്നില്ല. നീയും അവരേപ്പോലെ ആകുമോന്നാ എന്റെ ഭയം.

രണ്ടു ദിവസം കഴിഞ്ഞ് ദീപു ടീച്ചറിന്റെയടുത്ത് ഒരു രഹസ്യം പറയാനുണ്ടെന്നും പറഞ്ഞു വന്നു. ടീച്ചർ ഞാൻ കഴിഞ്ഞ ദിവസം നുണ പറയുകയായിരുന്നു. എന്റെ കൂട്ടുകാരേപ്പോലെ ഞാനും മദ്യപാനവും പുകവലിയും ശീലിച്ചിട്ടുണ്ട്. അച്ഛൻ കൊണ്ടുവരുന്ന കുപ്പിയിൽ നിന്നും കുറേശ്ശെ കുടിച്ചാണ് ഞാൻ വെള്ളമടി തുടങ്ങിയത്. അച്ഛന്റെ വെള്ളമടിയും ഉപദ്രവവും സഹിക്ക വയ്യാതെ അമ്മ പിണങ്ങിപ്പോയി.

ഞാൻ മണൽവാരാൻ പോകാറുണ്ട്. വൈകുന്നേരം മദ്യം കഴിച്ച് കഴിഞ്ഞാൽ, രാവിലെ ക്ഷീണമാകും. അതുമാറാൻ രാവിലെയും കഴിക്കും. പിന്നെ എന്റെ പ്രേമക്കാര്യം പറഞ്ഞതും ശരിയാ. അവളെ കാണുമ്പോൾ എന്റെ അമ്മയെയാണ് ഓർക്കാറുള്ളത്. അതും കൂടിയില്ലായിരുന്നെങ്കിൽ ഞാൻ ആത്മഹത്യചെയ്യുമായിരുന്നു... അവസാനം അവൻ ചോദിച്ചു. ഞാനെന്ത് ചെയ്യണം - ടീച്ചറ് പറയുന്നത് ഞാൻ ചെയ്യാം. ടീച്ചറിന്റെ കണ്ണ് നിറഞ്ഞൊഴുകി. ആ കണ്ണീർ വീണത് അവന്റെ ഹൃദയത്തിലായിരുന്നു. എനിക്കുവേണ്ടി കരയാൻ ഒരാൾ... അതും എന്റെ സയൻസ് ടീച്ചർ.

ദിവസങ്ങൾ കഴിഞ്ഞ് ഒരു ഉച്ചസമയം ദീപു ടീച്ചറിനെ അന്വേഷിച്ചെത്തി: ടീച്ചർ പറഞ്ഞതുപോലെ ഞാൻ പഠിക്കാൻ തുടങ്ങി, അതിനുശേഷം പുകവലി, മദ്യം ഉപയോഗിച്ചിട്ടേയില്ല. എന്റെ നോട്ടെല്ലാം പൂർത്തിയാക്കി. നിന്റെ കൈയിലെ കറുത്ത പുള്ളികളെന്താ ടീച്ചർ ചോദിച്ചു.

എന്റെ കൂട്ടുകാരുടെ പണിയാ. മദ്യപിക്കാൻ അവരുടെ കൂടെ കൂടാത്തതുകൊണ്ട് സിഗരറ്റ് വച്ച് പൊള്ളിച്ചതാ.... അതൊന്നും സാരമില്ല. ടീച്ചറുപറഞ്ഞതുപോലെ ഞാൻ മിടുക്കനായില്ലേ. അതുമതി; പിന്നെ ടീച്ചറെന്നെ ഓർത്ത് കരയരുത്. അതുംപറഞ്ഞ് അവൻ ഓടിപ്പോയി. അവനെയോർത്ത് എനിക്ക് വലിയ സന്തോഷവും ആത്മവിശ്വാസവും ലഭിച്ചു. കുറേക്കൂടി സ്നേഹത്തോടെ പഠിപ്പിക്കാൻ എനിക്ക് കഴിയുന്നുണ്ട്. സ്കൂളിലെ വിശേഷങ്ങൾ നിസി ടീച്ചർ ആവേശത്തോടെ പറഞ്ഞു.

ഓരോ വർഷവും എത്ര ആത്മാക്കളാണ് ഓരോ അധ്യാപകന്റെയും കൺമുന്നിലൂടെ കടന്നുപോകുന്നത്. മനസ്സും ഹൃദയവും മുറിഞ്ഞവരും ആത്മാവ് ക്ഷയിച്ചവരുമായ ഒട്ടേറെപ്പേർ.

ഹൃദയത്തിൽ വിദ്യാർഥികളോടുള്ള സ്നേഹം നിറഞ്ഞാൽ അതിന്റെ പ്രകാശം ചുറ്റും പ്രസരിക്കും. തിരിവെട്ടത്തിലേയ്ക്ക് ഈയാംപാറ്റകൾ എന്നപോലെ കുഞ്ഞുങ്ങൾ ചൂടുതേടി വരും. അധ്യാപനമെന്ന മഹനീയ ദൗത്യത്തിന്റെ സത്ഫലമാണ് ദീപു. ഒരു പൂവ് മതി; ഒരു പൂന്തോട്ടം സുന്ദരമാക്കാൻ. ഒരു നല്ല വാക്ക് മതി; ഒരു ജീവിതം രക്ഷപ്പെടാൻ. ഒരു പുഞ്ചിരി മതി; ജീവിതത്തിൽ വസന്തം വിരിയിക്കാൻ ■



## അനുഭവം

സണ്ണി കോക്കാപ്പിള്ളിൽ

# ഇപ്പോൾ നല്ല വീടായി; കനത്ത നിക്ഷേപം ബാങ്കിലുണ്ട്. പക്ഷേ,...



'ഒരു പ്രത്യേക കാര്യം പറയാനാണു വിളിക്കുന്നത്.'

'എന്താണ്?'

'ഞങ്ങളുടെ സ്ഥലം വില്ക്കാനായി പ്രത്യേകം പ്രാർഥിക്കണം.'

'സാമ്പത്തിക ബാധ്യത വല്ലതുമുണ്ടായോ?'

'ഇല്ല. മറ്റൊരു കാര്യമാണ്. എനിക്കു കുറച്ചു സമയം സംസാരിക്കണം.'

'ആകാമല്ലോ.'

'ഞങ്ങൾക്ക് നാട്ടിൽ നിൽക്കാൻ പറ്റുന്നില്ല. എങ്ങനെയെങ്കിലും കിട്ടുന്ന വിലയ്ക്ക് സ്ഥലം വിറ്റിട്ട് കേരളത്തിന് പുറത്ത് മംഗലാപുരം ഭാഗത്തേക്ക് എവിടെയെങ്കിലും പോകാതെ നിവൃത്തിയില്ല.'

'ഇതിനുമാത്രം എന്തുപറ്റി?'

ആ അമ്മ കരയുന്നു. ഒന്നും സംസാരിക്കാനാവാതെ ഏങ്ങലടിച്ചുകൊണ്ടിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു,

'ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല.'

'അല്ല ബ്രദറേ, ദൈവത്തെ അറിയാത്തതുകൊണ്ടു സംഭവിച്ചതാണ്. വീടിനു പുറത്തേക്കിറങ്ങാൻ പറ്റാതെയായി. ഞാനും മോളും പപ്പയും തമ്മിൽ സംസാരിച്ചിട്ട് രണ്ടാഴ്ചയായി. എനിക്കു വയ്യ. ഇങ്ങനെയൊരു ജന്മം ഇനിയാർക്കും കിട്ടരുതേ.'

'പലരും ഇതാവർത്തിക്കാറുണ്ട്. പക്ഷേ, കാര്യങ്ങൾ സംസാരിച്ചുവരുമ്പോൾ ഉള്ളി തൊലി പൊളിക്കുന്നതുപോലെയേ ഉണ്ടാകൂ.'

'ആരു പറഞ്ഞു? ഒരു നാടു മുഴുവനുംകൂടിയാ ഇളകിവന്നത്. എനിക്കാരുടെയും മുഖത്തേക്കു നോക്കാൻകൂടി പറ്റിയില്ല. പോയി കെട്ടിത്തൂങ്ങിയാലോ എന്നു ഞാൻ വിചാരിച്ചതാണ്. ഹോ! ഇത്രയും നാണം കെടുത്തിയല്ലോ അവൾ!'

'ഏതു കാര്യത്തിനും പരിഹാരമുണ്ട്. ഇതിൽ കൂടുതൽ വരാനിരുന്നതാണെന്നു കരുതുക. അപ്പോൾ കുറെയാശ്വാസം കിട്ടും.'

'ഇതിനെന്തു പരിഹാരമാണുള്ളത്? എങ്ങനെയാശ്വസിപ്പിച്ചാലും എല്ലാ മാനവും കളഞ്ഞു കുളിച്ചില്ലേ! ആരെയും പറയേണ്ട. ഞാൻ വിദേശത്തു പോകരുതായിരുന്നു. എല്ലാം എന്റെ വിധി.'

അവർ വീണ്ടും കരയുകയാണ്. കാര്യങ്ങൾ ഒട്ടും വ്യക്തമാക്കുന്നുമില്ല.

'ഇതുവരെയും അവിടെയും ഇവിടെയും തൊടാതെ സംസാരിക്കുന്നു. കാര്യങ്ങൾ പറയണമെന്നില്ല. ഞാൻ പ്രാർഥിക്കാം. തമ്പുരാൻ എന്തെങ്കിലും വഴി കാട്ടിത്തരും.'

'എല്ലാം പറയാനാണു വിളിച്ചത്. എല്ലാം കേട്ടുകഴിഞ്ഞിട്ട് പരിഹാരമെന്തെന്നു പറയണം. ഇങ്ങനെ പോയാൽ ഒരു ദിവസം കൂടി മുന്നോട്ടു പോവില്ല.'

ഇടയ്ക്കു കരഞ്ഞും ഏങ്ങലടിച്ചും പ്രാകിയും ഇനിയൊരു ദിവസം കൂടി ഭൂമിയിലിരിക്കാൻ താത്പര്യമില്ലെന്നും പറഞ്ഞുകൊണ്ട് മനസ്സിൽ കെട്ടിനിന്നതൊക്കെ പുറത്തേക്ക് ഒഴുക്കി...

സുന്ദരിയായ ഏക മകൾ. നന്നായി പഠിക്കും. ഹൈസ്കൂൾ ക്ലാസ്സുകളിൽ കൂട്ടത്തിലുള്ള പല കൂട്ടുകാരികൾക്കും ബോയ്ഫ്രണ്ടുണ്ടായിട്ടും അതൊക്കെ വേണ്ടെന്നു വച്ചു ജീവിച്ചവൾ. തീർച്ചയായും കന്യാസ്ത്രീയാകുമെന്നു പറഞ്ഞ് കൂട്ടുകാർ പലരും കളിയാക്കിയിട്ടുണ്ട്. മക്കളെ വളർത്തേണ്ടതുപോലെ വളർത്തിയാൽ ഇങ്ങനെയെന്ന് പലരോടും അഭിമാനത്തോടെ പറഞ്ഞു. തെല്ല് അഹംഭാവമാണെന്നു വച്ചോളൂ.

വിദേശത്ത് ജോലി കിട്ടിയപ്പോൾ വേണ്ടെന്നു വച്ചില്ല. എത്രയോ കാത്തിരുന്നതാണ്. മൂന്നുനാലു വർഷം പപ്പയും മകളും തനിച്ചു താമസിക്കട്ടെ. വീടൊന്നു പുതുക്കി പണിയണം. മകളെ പഠിപ്പിച്ചാൽ മാത്രം പോരല്ലോ. ജോലി കിട്ടിയാലും ഇല്ലെങ്കിലും എത്ര ലക്ഷങ്ങൾ മുടക്കേണ്ടിവരും? എല്ലാറ്റിനും പരിഹാരമായി. കുറച്ചുകാലം കഷ്ടപ്പെട്ടാലെന്താണ്? നാലു കൊല്ലത്തെ പ്രവാസ ജീവിതത്തിനുശേഷം എത്ര സന്തോഷത്തോടെയാണ് തിരിച്ചെത്തിയത്. ആവശ്യങ്ങൾക്കൊക്കെ പണം സമ്പാദിച്ചു. പണമല്പം കൂടുതൽ ചെലവായാലെന്താണ്, മനോഹരമായ ഭവനം തീർത്തു. ഒരായുഷ്ക്കാലത്തേക്ക് ഇനി അതിനെക്കുറിച്ച് ചിന്തിക്കേണ്ട. മകൾ ഡിഗ്രി കഴിഞ്ഞു. ഹോസ്റ്റലിൽ നിന്നാണു പഠിച്ചത്. ജോലി കിട്ടിയില്ലെങ്കിലും സാരമില്ല. കൊള്ളാവുന്ന ചെറുക്കനെക്കൊണ്ട് കെട്ടിക്കാനുള്ള വകയൊക്കെ ബാങ്കിലുണ്ട്. ചെലവുകഴിയാൻ ഭർത്താവിന്റെ ജോലി തന്നെ ധാരാളം.

റസിഡൻസ് അസ്സോസിയേഷനംഗങ്ങൾ രാത്രിയിൽ ഹൗസിങ് കോളനിയിൽ റോന്തു ചുറ്റുന്ന വിവരം ശ്രദ്ധയിൽ പെട്ടില്ലായിരിക്കും. കള്ളനെ പിടികൂടാൻ ഊഴം വച്ചിറങ്ങിയതായിരുന്നു അവർ. വീടിന്റെ പുറത്തു ചാരിവച്ചി

രിക്കുന്ന ഗോവണിയിലൂടെ മുകളിലെ നിലയിലേക്ക് ആരോ കയറിയതുപോലെ അവർക്കു സംശയം. കഴിഞ്ഞ രണ്ടു മൂന്നു ദിവസമായി അവർക്കു സംശയമുണ്ടായിരുന്നു. അയ്യോ! മുകളിൽ മകൾ മാത്രമാണു കിടക്കുന്നത്.

'വീടിനു ചുറ്റും ഞങ്ങൾ കാത്തുനിൽപുണ്ട്. നിങ്ങൾ ലൈറ്റിട്. മുകളിലത്തെ നിലയിലേക്ക് സൂക്ഷിച്ചു കയറുക.'

അടുത്ത വീട്ടിലെ പരിചയമുള്ള ചെറുപ്പക്കാരൻ മൊബൈൽ ഫോണിൽ വിളിച്ചപ്പോൾ ആകെ ഭയപ്പെട്ടു. മകളുടെ മുറിയുടെ പുറത്തു ചെന്നു മുട്ടി വിളിച്ചപ്പോൾ അവൾ നല്ല ഉറക്കമാണ്. പെട്ടെന്ന് പുറത്തൊരു ബഹളം. ആരോ ചാടിയോടുന്ന ശബ്ദം. ആരൊക്കെയോ ഒരാളെ ഓടിച്ചിട്ടു പിടിക്കുന്നു. 'എന്നെ തല്ലിക്കൊല്ലല്ലേ' എന്നു വിളിച്ചു കരയുന്നു. അടിയുടെ ശബ്ദം കേൾക്കാം. അഞ്ചാറുപേർ കൂടി ഒരു പയ്യനെ തൂക്കിയെടുത്ത് മുറ്റത്തെ വെളിച്ചത്തേക്ക് തള്ളിയിട്ടു. ആരോ പറഞ്ഞു, 'പോലീസിന് ഫോൺ ചെയ്യ്. ഏതായാലും രാത്രി മെനക്കെട്ടതിന് ഫലമുണ്ടായി.' അപ്പോഴാണ് അവന്റെ വായിൽ നിന്ന് ആ ശബ്ദം പുറത്തേക്കുവന്നത്.

'അവൾ വിളിച്ചിട്ട് ഞാൻ വന്നതാണ്. സംശയമുണ്ടെങ്കിൽ അവളോടു ചോദിച്ചു നോക്ക്.'

നിന്ന നില്പിൽ ഭൂമി പിളർന്നിരുന്നുവെങ്കിൽ! വീട് തലകീഴെ മറിയുന്നതുപോലെ!!...

പിന്നെയും എന്തൊക്കെയോ അവർ പറഞ്ഞുകൊണ്ടിരുന്നു. സ്നേഹം കൊടുക്കേണ്ട പ്രായത്തിൽ അവരകലെയായിരുന്നു. ശരിയായ മാർഗനിർദേശം ആരും കൊടുത്തില്ല. കഴിഞ്ഞ അഞ്ചു കൊല്ലത്തിനിടയിൽ ഒരു ധ്യാനം പോലും അവൾ കൂടിയിട്ടുമില്ല.

വേണ്ടതിനൊന്നും ആർക്കും നേരമില്ല. ആണ്ടിൽ നാലു ദിവസം മാറ്റിവച്ച് ഒരു ധ്യാനത്തിനുവിട്ടാൽ പരീക്ഷയിൽ തോറ്റുപോയാലോ? ധ്യാനമൊക്കെ മോശമായി ജീവിക്കുന്നവർക്ക് ഉള്ളതല്ലേ!

**ആണ്ടിൽ നാലു ദിവസം മാറ്റിവച്ച് ഒരു ധ്യാനത്തിനുവിട്ടാൽ പരീക്ഷയിൽ തോറ്റുപോയാലോ? ധ്യാനമൊക്കെ മോശമായി ജീവിക്കുന്നവർക്ക് ഉള്ളതല്ലേ!**

ഇപ്പോൾ നല്ല വീടായി; കനത്ത നിക്ഷേപം ബാങ്കിലുണ്ട്. പക്ഷേ...?

'ഒരു ധനികന്റെ കൃഷിസ്ഥലം സമൃദ്ധമായ വിളവുനൽകി. അവൻ ഇങ്ങനെ ചിന്തിച്ചു: ഞാനെന്തു ചെയ്യും? ഈ ധാന്യം മുഴുവൻ സൂക്ഷിക്കാൻ എനിക്കു സ്ഥലമില്ലല്ലോ. അവൻ പറഞ്ഞു: ഞാൻ ഇങ്ങനെ ചെയ്യും, എന്റെ അറപ്പുരകൾ പൊളിച്ച്, കൂടുതൽ വലിയവ പണിയും; അതിൽ എന്റെ ധാന്യവും വിഭവങ്ങളും സംഭരിക്കും. അനന്തരം ഞാൻ എന്റെ ആത്മാവിനോടു പറയും: ആത്മാവേ, അനേകവർഷത്തേക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നു കുടിച്ച് ആനന്ദിക്കുക. എന്നാൽ ദൈവം അവനോടു പറഞ്ഞു: ഭോഷാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടേതാകും?' ലൂക്കാ 12;16-20 ■


കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ..............................................................................................................

അഡ്രസ്സ്: ..........................................................................................................

.......................................................................................................................

ജില്ല: .....................................................................പിൻ: ..........................................

മൊബൈൽ: ..................................ഇമെയിൽ..................................................................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ................................................

**വരിസംഖ്യ ഒരു വർഷത്തേക്ക് ₹180**

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം-683503 ഫോൺ: 0484 2558825, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Account Holder:** Kairos Trust **A/c No.:** 13060100110898 **Bank:** Federal Bank **Branch:** Kalamassery **IFSC Code:** FDRL 0001012



ആലിസ് മാത്യു

# ദൈവം നടത്തിയ വഴികൾ



വീണ്ടും ഉയർത്തി. മലങ്കര കത്തോലിക്കാ സഭയുടെ ഇടയനാക്കി, ഇപ്പോൾ കർദിനാൾ എന്ന സമുന്നത പദവിയും. ദൈവം നടത്തിയ വഴികളും പകർന്നുതന്ന ബോധ്യങ്ങളും കെയ്റോസിനോട് പങ്കുവയ്ക്കുകയാണ് പിതാവ്. നിരീക്ഷണങ്ങളും പ്രതീക്ഷകളും ദർശനങ്ങളുമടങ്ങിയ സംഭാഷണത്തിലേക്ക്

മുഖവരുകളോ, പരിചയപ്പെടുത്തലോ ആവശ്യമില്ലാത്ത വ്യക്തിത്വം. കേരളത്തിലെ അക്രൈസ്തവ സമൂഹത്തിനു പോലും സ്നേഹ ബഹുമാനം നിറഞ്ഞ ആത്മീയ ഇടയൻ. സഭാമക്കൾക്ക് വാൽസല്യ നിധിയായ പിതാവ്. ആർക്കും എപ്പോഴും സമീപിക്കാവുന്ന ലാളിത്യത്തിന്റെ മനുഷ്യമുഖം.

കർദിനാൾ മാർ ബസേലിയോസ് ക്ളിമ്മീസ് കാതോലിക്കാ ബാവായെക്കുറിച്ചാകുമ്പോൾ ഇതിലേത് ആദ്യം പറയണമെന്ന സംശയമേ ഉള്ളൂ. ബൈക്കിൽ പള്ളികളിൽ നിന്ന് പള്ളികളിലേക്ക് യാത്ര ചെയ്ത് ബലിയർപ്പിക്കുക എന്നത് ജിവിതദൗത്യമായി കണ്ടിരുന്ന ഒരു യുവവൈദികനെ ദൈവം അവിടെനിന്നും

**മലങ്കര കത്തോലിക്കാ സഭയുടെ അധ്യക്ഷൻ, ഇപ്പോൾ ഉന്നതമായ കർദിനാൾ പദവിയും വത്തിക്കാനുമായി ബന്ധപ്പെട്ട പുതിയ ഉത്തരവാദിത്വങ്ങളും. പിതാവിന്റെ ജീവിതം കൂടുതൽ തിരക്കുള്ളതാകുകയാണല്ലോ? മാറ്റങ്ങളെ എങ്ങനെ നോക്കിക്കാണുന്നു.**

ഇതെല്ലാം മാറ്റങ്ങളെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജീവിതത്തിന്റെ ഓരോ സന്ദർഭങ്ങളിലും ദൈവം തന്റെ പദ്ധതി പ്രകാരം ഏൽപിക്കുന്ന ചുമതലകൾ വിശ്വസ്തതയോടെ നിർവഹിക്കേണ്ടതുണ്ട്. ചിലർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകി, സഭയുടെ ശുശ്രൂഷകൾ കുറച്ചുകൂടി വിസ്തൃതമാക്കാനും സുതാര്യമാക്കാനും സ്വർഗീയപിതാവ് ആഗ്രഹിക്കുന്നു. മലങ്കര കത്തോലിക്കാ സഭയുടെ അധ്യക്ഷൻ എന്ന നിലയ്ക്ക് പരിശുദ്ധ പിതാവിന്റെ കരങ്ങൾക്ക് ശക്തികൊടുക്കുകയും സാർവത്രികസഭാ പ്രബോധനങ്ങളും സാർവത്രികമായ സമീപനങ്ങളും സഭയുടെ പൈതൃകസമ്പത്തും

എല്ലാവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുവാനുമുള്ള ഒരു വലിയ ചുമതലയാണിത്. മാത്രമല്ല നമുക്ക് തനതായി കൊടുക്കാനുള്ള ജീവിത സമീപനത്തിന്റെ സുകൃതവും അനന്യതയും ഒരു കുറവുമില്ലാതെ ലോകത്തിനു മുഴുവൻ കിട്ടണം. ഇത് ദൈവം ഏൽപിക്കുന്ന ഓരോ ശുശ്രൂഷയിലൂടെയും നടക്കണം. അതാണ് എനിക്ക് എപ്പോഴുമുള്ള ബോധ്യം.

**വചന പ്രഘോഷണ രംഗത്തുപോലും ഉത്തരവാദിത്വങ്ങളും തിരക്കുകളുമേറുമ്പോൾ ആത്മീയത കുറയുന്നതായി സാധാരണ കാണാറുണ്ട്. എങ്ങനെയാണ് ഈയവസരത്തിലും ആത്മീയതയിൽ വളരുന്നത്?**

വചനവും വചനപ്രഘോഷണ വരവും സമയവുമെല്ലാം ദൈവം നൽകുന്നതാണ്. ദൈവം നൽകുന്ന മുഴുവൻ സമ്പത്തിന്റെയും മധ്യേ നിന്നുകൊണ്ടാണ് നാം സമയം ക്രമീകരിക്കണം എന്നു പറയുന്നത്. എന്തിനുവേണ്ടിയാണ് ഞാൻ സമയം ക്രമീകരിക്കുന്നത്? What is my priority? സമയമില്ല എന്നുള്ളതല്ല, ഈ പറയുന്ന കാര്യത്തിനു സമയമില്ല. അവിടെയാണ് ദൂഷ്യം. കുടുംബജീവിതത്തിന്റെ പശ്ചാത്തലത്തിൽ സമയനഷ്ടത്തേക്കുറിച്ച് വലിയ ജാഗ്രത ഇന്നാവശ്യമാണ്. ആധ്യാത്മിക കാര്യങ്ങൾ നേരംപോക്കിനായി കണ്ട് സംതൃപ്തിയടയേണ്ട ഒന്നല്ല. പത്രോസിനോടു ദൈവം പറഞ്ഞതുപോലെ ഇത് മാംസരക്തങ്ങൾക്ക് അതീതമായ കാര്യമാണ്. മാംസത്തിനും രക്തത്തിനും വിധേയപ്പെട്ടു ജീവിക്കുന്ന ഒരു ജീവിതത്തെക്കുറിച്ച് 24 മണിക്കൂറും ചർച്ചചെയ്തുകൊണ്ടിരിക്കുമ്പോൾ, മാംസരക്തങ്ങൾക്ക് അതീതനായ ഞാൻ ആരെന്നാണ് നീ പറയുന്നത് എന്ന ചോദ്യത്തിന് ഉത്തരം കൊടുക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. എന്റെ സന്തോഷത്തിന്റെ മർമം ഞാൻ ഇവിടെ കാണുന്നു. എന്റെ ജീവിതത്തിന്റെ പരമമായ മർമം കണ്ടെത്താനുള്ള തപസ്യയാണ് ആധ്യാത്മികത. എനിക്ക് പൂർണമായ സംതൃപ്തി നൽകാൻ ഈ ലോക ജീവിതത്തിനാവില്ല. That is something beyond! something above!

**കർദിനാളാകുന്നതിനു മുൻപും ശേഷവും സമൂഹത്തിലെ വിവിധ വിഭാഗങ്ങളുമായി പ്രത്യേകിച്ച് അക്രൈസ്തവരുമായി കൂടുതൽ ബന്ധപ്പെടുവാൻ പിതാവ് ശ്രമിക്കുന്നുണ്ട്. എന്താണ് ഇതിനൊരു പ്രചോദനം?**

ഈ ലോകത്തിൽ ഞാൻ സംസാരിച്ചുപോകരുതെന്നു ദൈവം പദ്ധതിയിട്ടിരിക്കുന്ന ഒരു കൂട്ടരുണ്ടോ? എല്ലാവരോടും സംസാരിക്കാൻ ദൈവം എനിക്ക് അനുവാദം തന്നിട്ടുണ്ട്. ഇനി അത് എന്റെ ഔദാര്യമല്ല, എന്റെ obligation ആണ്. 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കുവിൻ. ഞാൻ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയിലെയും ദൈവികസാന്നിധ്യത്തെക്കുറിച്ച് പറയാൻ എനിക്ക് അവസരം കിട്ടുമ്പോൾ ഞാനതു ചെയ്യാതിരിക്കുന്നത്, എന്തിന്റെ പേരിലായാലും അത് സുവിശേഷത്തോടുള്ള കൃത്യവിലോപമാണ്. നമുക്ക് കർത്താവിനെക്കുറിച്ച് പങ്കുവയ്ക്കാൻ കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തരുത്. അതു പാപമാണ്. എന്റെ അനുഭവത്തിൽ ഇന്നുവരെ, ആരും എന്നോട് തിരുമേനി അങ്ങനെ പറയരുത് എന്നു പറഞ്ഞിട്ടില്ല. ഒരിക്കൽ അമൃതാനന്ദമയി ചാരിറ്റബിൾ ട്രസ്റ്റിന്റെ ഒരു പരിപാടിയുടെ ഉദ്ഘാടകനായി ഞാൻ പോയിരുന്നു. അവിടെ ഞാൻ ആകെ സംസാരിച്ചത് 2 ½ മിനിറ്റാണ്. ഞാൻ തുടങ്ങിയത് ഇങ്ങനെയാണ്. "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന, ക്രിസ്തുവിന്റെ ശിഷ്യനാകാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരാളാണു ഞാൻ"... വലിയൊരു ജനക്കൂട്ടത്തിനു മുന്നിലാണ് ഞാനതു പറഞ്ഞത്. ആ അവസരം നഷ്ടമാക്കാൻ പാടില്ല എന്നു തന്നെയാണ് എന്റെ ബോധ്യം.

**ഉന്നത സ്ഥാനങ്ങൾ വഹിക്കുന്ന ഇത്തരത്തിൽ ആർക്കും സമീപിക്കാവുന്ന ഒരു വക്തിത്വമായി തുടരുന്നത് എങ്ങനെ?**

എനിക്ക് എല്ലാവരുടെയും എല്ലാ വിഷയവും പരിഹരിക്കാനാവില്ല. But I have to listen to them. അതുകൊണ്ട് തിരക്കു പറഞ്ഞ് ഒഴിഞ്ഞുമാറാൻ എനിക്കാവില്ല. വളരെ സാധാരണക്കാരായ ആളുകൾ എന്നെ വിളിക്കാറുണ്ട്. ഞങ്ങൾ പ്രാർഥിക്കുന്നുണ്ട് പിതാവേ...! എന്നാ റോമിൽ പോകുന്നത്? കൊച്ചുകൊച്ചു കാര്യങ്ങളാണ് അവർ പറയുന്നത്. പക്ഷേ, എനിക്കത് വലിയ ഊർജമാണ്. ഇത് എനിക്ക് സന്തോഷമാണ്. വളരെ കടുംപിടുത്തക്കാരനായ ഒരു കർദിനാളായിരിക്കണം ഞാനെന്ന് ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ലെന്നാണ് എനിക്കു തോന്നുന്നത്.

**കർദിനാൾമാരുടെ ഇടയിൽ യുവാവാണ് പിതാവ്. സഭയിലെ, പ്രത്യേകിച്ച് കേരള സഭയിലെ യുവാക്കളുടെ സാന്നിധ്യത്തെ എങ്ങനെ കാണുന്നു?**

പ്രായത്തിലെ യൗവനം ഒരു വലിയ അനുഗ്രഹമാണ്. വാർധക്യമാണ്, ആഗ്രഹമുണ്ട്, ആരോഗ്യമില്ല, എന്നു പറഞ്ഞിട്ട് കാര്യമില്ല. പരിശുദ്ധ പിതാവ് ഇപ്പോൾ അതല്ലേ പറഞ്ഞത്. സഭയുടെ നേതൃത്വത്തിൽ വളരെ അനിവാര്യമായ ആരോഗ്യം, മാനസികമായ ശക്തി ഇതൊക്കെ നിലനിർത്തിക്കൊണ്ടു പോകുന്ന ഒരാളു വേണം, അതിനെ നയിക്കാൻ! എനിക്കിപ്പോൾ അതിനു പറ്റുന്നില്ല എന്നു തോന്നിയതുകൊണ്ട് പിതാവ് വിരമിച്ചു. വിശുദ്ധനായ ഒരു മനുഷ്യനു മാത്രമേ അതിനു സാധിക്കൂ. അദ്ദേഹത്തിനു സഭയോടുള്ള സ്നേഹമാണതിനു പിന്നിൽ. ഒരു കുറവോ, കറയോ, ചുളിവോ സഭയ്ക്ക് ഉണ്ടാകാൻ പാടില്ല. ഇന്ന് ഉത്തരവാദിത്വങ്ങളിൽ വളരെ ഉത്സാഹത്തോടെ കാണുന്നത് യുവാക്കളെയാണ്. അവർ ഒരു കാര്യം ഓർത്തിരിക്കണം, നാളെ അവർ ഈ കാലം പിന്നിടും, അടുത്ത Phase ലേക്കു പോകും. അവിടെയും youthful ആയിരിക്കാനാകണം.

**യുവാക്കളെ ക്രിസ്തുവിനോടും സഭയോടും കൂടുതൽ അടുപ്പിക്കാൻ എന്താണ് ചെയ്യേണ്ടത്?**

കുടുംബങ്ങളെ ചേർത്തു നിറുത്തുക എന്നതാണ് എനിക്കു പറയാനുള്ളത്. ചെറുപ്പക്കാരായി ആരും ജനിക്കുന്നില്ല. ഇപ്പോഴുള്ള ചെറുപ്പക്കാരെ ശ്രദ്ധിക്കേണ്ട എന്നല്ല. ചെറുപ്പക്കാരെ സഭയോടു ചേർത്തു നിർത്തുക എന്നത് long term package ആണ്. ഇത് ചെറുപ്പക്കാരെ കിട്ടുക എന്ന ലക്ഷ്യത്തിനായി മാത്രമല്ല. ക്രിസ്തീയ മൂല്യങ്ങളിൽ വളർന്നു വരുന്ന വ്യക്തികളും കുടുംബങ്ങളും ഇന്നുണ്ടാകണം. കാരണം, ഈ കുടുംബങ്ങളിൽ നിന്നാണ് മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ, മെത്രാന്മാർ, രാജ്യത്തെ നയിക്കേണ്ടവർ എന്നിവർ വരേണ്ടത്.

ഞാനോർക്കുന്നു, ചെറുപ്പത്തിൽ എല്ലാ ആദ്യവെള്ളിയാഴ്ചകളിലും എന്റെ വീട്ടിൽ തിരി കത്തിച്ച് മുട്ടുകുത്തി ഞങ്ങളെല്ലാവരും കൂടി തിരുഹൃദയ പ്രതിഷ്ഠാ പ്രാർഥന ചൊല്ലുമായിരുന്നു. ഇച്ചായനും അമ്മച്ചിക്കും അതു നിർബന്ധമായിരുന്നു. എന്റെ അമ്മ പഠിപ്പിച്ച പ്രാർഥനകളുടെ തുടർച്ച മാത്രമാണ് ഇന്നത്തെ എന്റെ എല്ലാ പ്രാർഥനകളും.

**വൈദിക, സന്യസ്ത ജീവിതാന്തസ്സുകളിലേക്കുള്ള ദൈവവിളി കുറയുന്നതായി തോന്നുന്നുണ്ടോ?**

ഇന്ന് കുടുംബജീവിതത്തിലേക്കുള്ള വിളി കുറയുന്നുണ്ട്. ധാരാളം വിവാഹങ്ങൾ നടക്കുന്നുണ്ട്. എന്നാൽ ഇതൊരു ദൈവവിളിയായി കണ്ട് അതിൽ പ്രവേശിക്കുന്ന എത്ര പേരുണ്ട്? വൈദികരാകുന്നവരുടെ എണ്ണം അങ്ങനെ കുറയുന്നില്ല. എന്നാൽ, സമർപ്പിത ജീവിതത്തിലേക്കുള്ള വിളി കുറയുന്നുണ്ട്. ഒരിക്കൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കണ്ടപ്പോൾ ഞാൻ പ്രാർഥനാവശ്യമായി പറഞ്ഞ കാര്യം: "കേരളത്തിൽ സന്യാസ ദൈവവിളി കുറയുന്നു. പിതാവ് പ്രാർഥിക്കണം." 'കേരളത്തിലോ?' എന്ന് അത്ഭുതത്തോടെ പ്രതികരിച്ച് പിതാവ് എന്റെ കരങ്ങൾ കൂട്ടിപ്പിടിച്ചു പറഞ്ഞു: "ഉറപ്പായും ഞാൻ പ്രാർഥിക്കും." തിരിഞ്ഞു നോക്കുമ്പോൾ കാണാനാകും അന്നത്തെ സ്ഥിതിയല്ല ഇന്ന്. വ്യത്യാസം വന്നിട്ടുണ്ട്. സഭയിലെ ഏതെങ്കിലും പ്രേഷിതമേഖലയിൽ വേണ്ടത്ര ആളുകളെ കിട്ടുന്നില്ലെങ്കിൽ ഓർക്കുക കുടുംബജീവിതത്തിലേക്കുള്ള വിളി നടക്കുന്നില്ല എന്ന്.

**ഈ നാളുകളിൽ ജീസസ് യൂത്ത് പോലുള്ള യുവജന പ്രസ്ഥാനങ്ങൾ കൂടുതൽ പ്രധാന്യം കൊടുക്കേണ്ടത് ഏതുമേഖലയ്ക്കാണെന്നാണ് പിതാവ് കരുതുന്നത്?**

ജീസസ് യൂത്തിൽ എനിക്ക് ഏറെ സന്തോഷം തോന്നുന്ന കാര്യം അവരുടെ 'joyfulness' ആണ്. അവർ കൂടുന്നിടത്ത് പരിശുദ്ധാത്മാവ് വ്യാപരിക്കുന്നത് അനുഭവിക്കാനാകും. ഇന്ന് ജീസസ് യൂത്ത് സാന്നിധ്യം നൽകുന്ന സന്ദേശം വളരെ ശക്തമാണ്. തിരുവനന്തപുരത്ത് ബസേലിയോസ് എൻജിനീയറിങ് കോളജ് ഓഡിറ്റോറിയത്തിൽ ഉച്ചസമയങ്ങളിൽ ജീസസ് യൂത്തുകാർ ഒരുമിച്ചുകൂടും. സമയം കിട്ടുമ്പോഴെല്ലാം, അവരറിയാതെ പുറകിൽ പോയിരുന്നു പ്രാർഥനകളിൽ ഞാനും പങ്കെടുക്കും. ആ സ്ഥാപനത്തിലെ അത്രയും ചെറുപ്പക്കാർ ക്രിസ്തുവിനെ അറിഞ്ഞു എന്നത് ഒരു വലിയ കാര്യമാണ്.



ഇത്രയും കുട്ടികൾ ആ കോളേജിലെ മറ്റു കുട്ടികൾക്കു നൽകുന്ന മാതൃക എത്ര മനോഹരമാണ്.

ജീസസ് യൂത്തിനോട് പറയാനുള്ള ഒരു കാര്യം ഇതാണ്. ജീസസ് യൂത്ത് ഒരു പ്രേഷിത സമൂഹമായി മാറുന്നതിന് ഒരു പ്രത്യേക അർഥമുണ്ട്. പക്ഷേ, bloom where you planted... പത്തു യുവജനങ്ങൾ ഒരു ഇടവകയിൽ ഉണ്ടെങ്കിൽ, ആ ഇടവകയിലെ മുഴുവൻ ജനങ്ങളെയും സ്വാധീനിക്കാനാവും. പ്രാദേശിക ഇടങ്ങളിൽ രൂപാന്തരപ്പെടുന്ന catholic leadership ആണ് ഇന്ന് ആവശ്യം. ആയിരിക്കുന്നിടത്ത് ഉപ്പായി മാറണം. മറ്റിടങ്ങളിൽ പോകരുത്, പ്രവർത്തിക്കരുത് എന്നല്ല. എല്ലായിടത്തും പൊയ്ക്കോട്ടെ, എല്ലാം ചെയ്തോട്ടെ, come back to Jerusalem. ഇന്നു ഭാഷയ്ക്കും അതിർത്തികൾക്കും അപ്പുറം മൂവ്മെന്റിനെ പരിശുദ്ധാത്മാവ് വളർത്തുന്നുണ്ട്. മറ്റു മൂവ്മെന്റുകളെപ്പോലെ ജീസസ് യൂത്ത് ഒതുങ്ങിപ്പോകരുതേ എന്നാണ് എന്റെ പ്രാർഥന.

**സെമിനാരി വിദ്യാർഥി, വൈദികൻ, മെത്രാൻ, മലങ്കര സഭയുടെ തലവൻ, കർദിനാൾ.. തിരിഞ്ഞുനോക്കുമ്പോൾ എന്തുതോന്നുന്നു?**

എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി വന്നതാണിതെല്ലാം. മൈനർ സെമിനാരിയിൽ ഞങ്ങളുടെ പഠനം നാലു വർഷമാണ്. അന്ന് വൈദികർ കുറവായതിനാൽ പിതാവ് മൂന്നുവർഷം കഴിഞ്ഞപ്പോൾ എന്നോടു പറഞ്ഞു മൈനർ സെമിനാരി വിടുക. പ്രീ-ഡിഗ്രി കഴിഞ്ഞിരുന്നു. പിന്നീട് ആലുവ സെമിനാരിയിലെ പഠനവും റീജൻസിയും കഴിഞ്ഞ് തിയോളജി പഠിക്കാനായി പൂനയിലേക്കു പോയി. അവിടെ നാലു വർഷമായിരുന്നെങ്കിലും പിതാവിന്റെ നിർദ്ദേശമനുസരിച്ച് മൂന്നുവർഷം കൊണ്ട് പൂർത്തിയാക്കി. പൂനയിൽ തന്നെ MTH ചെയ്യാനായിരുന്നു എന്റെ ആഗ്രഹം.

അപ്പോൾ, പിതാവ് എന്നോടു പറഞ്ഞു: 'ബാംഗ്ലൂരിലെ ഒരു പള്ളിയിൽ അച്ചനില്ല (അവിടെ ഞങ്ങളുടെ ഒരു കമ്യൂണിറ്റിയുണ്ട്). അവിടത്തെ ഉത്തരവാദിത്തം നോക്കുക ഒപ്പം MTH-ഉം പഠിക്കുക." ഡിസംബറിൽ നടക്കേണ്ട എന്റെ ഓഡിനേഷൻ പിതാവ് ജൂണിൽ നടത്തി എന്നെ ബാംഗ്ലൂരിലേക്കു വിട്ടു. പിന്നീട് ബത്തേരിയിൽ ഞാൻ വൈസ് റെക്ടറായി. അന്ന് ബാംഗ്ലൂരിലെ പള്ളിയുടെ ഉത്തരവാദിത്വവും ഉണ്ടായിരുന്നു. ബത്തേരി യിൽനിന്നു ബാംഗ്ലൂരിലേക്ക് ബൈക്കിലായി രുന്നു എന്റെ യാത്ര മുഴുവനും.

ജീവിതത്തിൽ ഒരിക്കലും ഇങ്ങനെയൊരു കാര്യമാണ് ദൈവം എന്നെക്കൊണ്ട് ചെയ്യി ക്കാൻ പോകുന്നതെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ല. എന്നെ സംബന്ധിച്ച് ബൈക്കിൽ പള്ളികളിൽ ഓടിനടക്കുന്ന ഒരു വൈദികൻ അതിനപ്പുറം ഒന്നുമില്ലായിരുന്നു.

### പുതിയ നാളുകളിലെ സ്വപ്നങ്ങൾ, പ്രതീ ക്ഷകൾ

കത്തോലിക്കാ സഭ കുറച്ചുകൂടി വ്യാപക മായി ലോകത്തിൽ സുവിശേഷം അറിയിക്ക ണം. നമ്മളിത് പ്രസംഗിച്ചിട്ട് കത്തോലിക്കാ സഭയുടെ രജിസ്റ്ററിൽ കുറച്ചുകൂടി ആളുകൾ കൂടിയില്ലല്ലോ എന്നത് എന്നെ ഭാരപ്പെടു ത്തുന്ന വിഷയമല്ല. എന്നെ ഭാരപ്പെടുത്തുന്ന വിഷയം ഇത്രയും സംവിധാനങ്ങളുണ്ടായിട്ട് ആ ശക്തിക്കനുസരിച്ച് പ്രഘോഷിക്കാൻ കഴിയുന്നുണ്ടോ എന്നതാണ്. രക്ഷിക്കപ്പെ ട്ടവരുടെ കൂട്ടത്തിൽ അനുദിനം കർത്താവ് ആളുകളെ ചേർത്തുകൊണ്ടിരുന്നു എന്ന് അപ്പസ്തോലപ്രവർത്തനങ്ങളിൽ വായിക്കു ന്നതുപോലെ, ആത്മാവിന്റെ പ്രവർത്തന മാണത്. നമ്മൾ ഒരുക്കിയിരിക്കുന്ന, ചുറ്റും വേലികെട്ടി വച്ചിരിക്കുന്ന സംവിധാന ങ്ങൾക്കു മുന്നിൽ മാത്രം പരിമിതപ്പെട്ടു നിന്നാൽ പോരാ. നമ്മൾ പറയേണ്ട സ്ഥല മല്ല എന്നു പറയുന്നിടത്ത് ആദ്യം കയറി ച്ചെന്ന് പറയണം. എല്ലായ്പോഴും എല്ലാവരും മനസ്സിലാക്കിയെന്നു വരില്ല. എല്ലാവരും കൂടി മനസ്സിലാക്കിയിട്ട് ഒരു കാര്യം ചെയ്യാം എന്നു വിചാരിക്കുന്നത് സമയനഷ്ടവും ഒപ്പം ആത്മാവിനോടുള്ള വെല്ലുവിളിയുമാണത്.

കത്തോലിക്കാസഭ എന്റെ ജീവിതത്തിൽ നിന്നും പറിച്ചുമാറ്റാൻ പറ്റാത്ത ഭാഗമായി ദൈവം തന്നതാണെന്ന ബോധ്യം എനി ക്കുണ്ട്. ഇവിടെ ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര എന്നീ സഭകളുണ്ട്. ഈ കൂട്ടായ്മയിലേക്ക് ഇനിയും ധാരാളം പേർ വരണം. വൈവിധ്യങ്ങളുടെ മുഖഭാവമുള്ള ഒരു ഐക്യപ്പെട്ട സഭ. ഇത് എന്റെ ജീവി തത്തിന്റെ മിനിസ്ട്രിയാണ്. ഞാൻ ഇതിന്റെ വക്താവാണ്.

എനിക്കു സ്വകാര്യമായി സന്തോഷമുള്ള രണ്ടു കാര്യങ്ങൾ ഒന്ന്, മാർ ഈവാനിയോ സ് തിരുമേനിയെ വിശുദ്ധനായി കാണണമെ ന്നുണ്ട്. മറ്റൊന്ന് മലങ്കര സഭയുടെ ഐക്യ മെന്ന വലിയൊരു സ്വപ്നമാണ്. സഭയുടെ മേലധ്യക്ഷൻ എന്ന നിലയ്ക്ക് കർത്താവ് ഏൽപിച്ച സ്നേഹം ഏറ്റവും പാവപ്പെട്ട വർക്കും നൽകണം. അവർക്ക് കാരുണ്യം കൊടുക്കാനാവുന്ന എത്ര കാര്യങ്ങൾ ചെയ്യാ നാവുന്നോ അത്രയും ചെയ്യണം. രൂപത യിൽ 2000 പേർക്ക് വീട് വച്ചു നൽകുന്ന ഒരു Project ഞങ്ങൾ ചെയ്യുന്നുണ്ട്. അവർക്ക് ജീവി ക്കാൻ പണം മാത്രമല്ല പ്രഘോഷണവും ആ വശ്യമാണ്. അപ്പോൾ അതു കൊടുക്കണം.

നമ്മുടെ പള്ളിയിലെ പാവപ്പെട്ടവർ നമ്മുടെ സ്വന്തമാണ്. പള്ളിയിൽ വരാതെ പുറത്ത് നി ൽക്കുന്നവർ സ്വന്തമല്ല എന്നു പറയുന്നത് പാപമാണ്. നമുക്ക് പരിചയമുള്ളത് പള്ളി യിൽ വരുന്നവരുടെ മുഖമാണ്. വരാത്തവ രുടെ മുഖങ്ങൾ നമുക്ക് പരിചയമില്ല. പക്ഷേ, കർത്താവിനു പരിചയമില്ലാത്ത ഒരു മുഖവു മില്ല. ദൈവരാജ്യത്തിൽ എല്ലാ മുഖങ്ങളും പരിചിതമാണ്. സുവിശേഷത്തോട് വേർതി രിഞ്ഞു നിൽക്കാൻ നമുക്കാവില്ല.

ഇത് പ്രാവർത്തികമാക്കാൻ എനിക്ക് എന്നിൽത്തന്നെ കഴിവില്ല. അതിനാൽ എല്ലാ വരും എനിക്കു വേണ്ടി പ്രാർഥിക്കുക. പ്ര ത്യേകിച്ച് ഈ ഇന്റർവ്യൂ വായിക്കുന്ന എല്ലാ പ്രിയപ്പെട്ടവരുടെയും പ്രാർഥന ഞാൻ ആവ ശ്യപ്പെടുന്നു ■



# എഴുത്തിലെ ക്രിസ്തു

## കവർസ്റ്റോറി



ബിൻസ് എം. മാത്യു

***"ഞങ്ങൾ മധ്യകേരള ക്രിസ്ത്യാനികൾ മദ്യലഹരിക്കും ഭക്തിലഹരിക്കും മധ്യസ്ഥർ പൊതുവെപറഞ്ഞാൽ വിരക്തർ"***

*–കെ. ആർ. ടോണി*

അക്ഷരവിരോധം നമ്മുടെ തലവരയാണ്. വിദ്യാഭ്യാസം ഉണ്ട്. അത് ഉപജീവനത്തിനുവേണ്ടി മാത്രം. പേരുകേട്ട എഞ്ചിനീയറിങ് കോളജുകളിലേക്കും നഴ്സിങ് സ്ഥാപനങ്ങളിലേക്കും മക്കളെ പറഞ്ഞുവിടും. പിന്നെ കയറ്റുമതി ചെയ്യും. പത്രം കണ്ടാൽ ഉറക്കം തൂങ്ങും. നട്ടും ബോൾട്ടുമിട്ടു മുറുക്കിയാൽ ലോകം ഭദ്രമാണെന്ന് പഠിച്ച എഞ്ചിനീയറിങ് പാഠങ്ങൾ ലോകത്തിൽ മൊത്തം ആപ്ലിക്കബിളാണെന്ന് പാവം ചിന്തിച്ചുവശാകുന്നു. ഈ സമൂഹം ഒന്നോർക്കണം ഒരു നാടിനെ ആധുനികതയുടെ വെളിച്ചം കൊണ്ട് സംശുദ്ധീകരിച്ച ചരിത്രം ക്രൈസ്തവ സഭകൾക്കുണ്ടായിരുന്നു. ആംസ്റ്റർഡാമിൽനിന്ന് അവർ പായ്ക്കപ്പലിൽ കല്ലച്ച് കൊണ്ടുവന്നു. അക്ഷരം സാധാരണക്കാരിലേക്ക് എത്തിച്ചു. അവർ വായിച്ചു. പുസ്തകങ്ങൾ മാത്രമല്ല തങ്ങളെത്തന്നെ വായിച്ചു. ജീവിതത്തെ വായിച്ചു. ആചാരങ്ങളെ വായിച്ചു. അത് അനാചാരങ്ങളാണെന്ന് തിരിച്ചറിഞ്ഞു. പിന്നെ സമരങ്ങളുടെ തീയും പുകയും. തീയിൽ വെന്തുനീറി പുതിയ സമൂഹം ഉണ്ടായിവന്നു – ആധുനിക കേരളസമൂഹം. തീയ്ക്കുള്ള പൊരി ആ അക്ഷരങ്ങളായിരുന്നു. ആരു കത്തിച്ച പൊരി? കുറേ മിഷനറിമാർ കത്തിച്ച പൊരി. അവരുടെ പിൻഗാമികളെന്ന് അഭിമാനിക്കുന്ന നമ്മൾ അക്ഷരവിരോധികളായി ജീവിക്കുന്നു.

മലയാളത്തിൽ ക്രിസ്തുവിനെക്കുറിച്ച് മികച്ച കൃതികൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, അതൊന്നും ക്രൈസ്തവർ എഴുതിയതല്ല. കെ.പി. കേശവമേനോന്റെ 'ക്രിസ്തുദേവൻ' എന്ന കൃതി മലയാളത്തിലെ അപൂർവമായ ഒരു അനുഭവമാണ്. മലയാളത്തിലെ ഏറ്റവും മികച്ച ക്രൈസ്തവസാഹിത്യം കെ.പി. അപ്പന്റെ 'ബൈബിൾ വെളിച്ചത്തിന്റെ കവചം' എന്ന കൃതിയാണ്. അത്രയും വരികയില്ലെങ്കിലും അപ്പന്റെ 'മധുരം നിന്റെ ജീവിതം' മികച്ച ഒരു കൃതിയാണ്. അതിനപ്പുറം ആ മേഖല ശുഷ്കമാണ്.

ഈ രണ്ട് നൂറ്റാണ്ടുകളിൽ പൊതുസമൂഹം അംഗീകരിച്ച ഒരു സാഹിത്യകാരനെയും സംഭാവന ചെയ്യാൻ നമുക്കായിട്ടില്ല. എന്നാൽ മുഖ്യധാരാഎഴുത്തിൽ ചില ക്രൈസ്തവനാമങ്ങൾ ഉണ്ടായിരിക്കുന്നു. പൊൻകുന്നം വർക്കി, സക്കറിയ... പക്ഷേ, ഇവർ പേരിൽമാത്രം ക്രൈസ്തവരായപ്പോൾ സഭയുടെ ആശ്രിതന്മാരായിരുന്ന കുറേ എഴുത്തുകാരുണ്ടായിരുന്നു. പ്രതിഭയുടെ അംശം ഏഴയലത്തുകൂടി പോയിട്ടില്ലാത്ത ഇവരുടെ എഴുത്തുകൾ വായനക്കാരെ ശ്വാസംമുട്ടിച്ചു.

ബോബി ജോസ് കട്ടിക്കാട്, ഫാ. ജോസ് പുളിക്കൽ, സഖേർ, വിനായക് നിർമൽ തുടങ്ങി ഏതാനുംപേർ ക്രൈസ്തവ സാഹിത്യത്തിൽ വേറിട്ട വഴികൾ വെട്ടിത്തുറന്നു. ഇവരുടെ പുസ്തകങ്ങൾ അനേകം കോപ്പികൾ വിറ്റഴിഞ്ഞു. വ്യത്യസ്തമായ ചിന്താധാരകളും, കവിതയൂറുന്ന ഭാഷയുമാണ് ഇവരുടെ കരുത്ത്.

ബൈബിൾ സാഹിത്യം മാത്രമാണ് ഉദാത്തമെന്ന് ഒരു വിഭാഗം ക്രൈസ്തവവായനക്കാർ ശഠിക്കുന്നുണ്ട്. ആത്മീയതയെ വിശാലമായ കാഴ്ചപ്പാടുകളിലേക്ക് ഉയർത്താത്തതാണ് പ്രശ്നം. ഒ.വി. വിജയന്റെ 'ഗുരുസാഗര'ത്തിലും പെരുമ്പടവത്തിന്റെ 'സങ്കീർത്തന'ത്തിലും ആത്മീയതയുണ്ട്. മാനവികതയിലും മനുഷ്യത്വത്തിലും വിശ്വസിക്കുന്ന ഏത് എഴുത്തുകാരിലും ചലച്ചിത്രകാരനിലും ക്രിസ്തുവുണ്ട്. ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം എഴുതി ക്രൂശിത ചിത്രത്തെ ചരിത്രത്തിൽ പിച്ചിക്കീറിയ കസാൻദ്സാക്കിസിൽ ക്രിസ്തുവുമുണ്ടായിരുന്നു. മറഞ്ഞിരുന്ന ആ ക്രിസ്തു 'ഫ്രാൻസിസ് അസ്സീസ്സി' എന്ന നോവലിലൂടെ പുറത്തുവന്നു. ലോകത്തിലെ മികച്ച ആത്മീയസാഹിത്യമാണ് ആ നോവൽ. ഇനി ക്രൈസ്തവസാഹിത്യം എന്നൊരു ലേബലിന്റെ ആവശ്യം തന്നെയുണ്ടോ? നന്മയിൽ വിശ്വസിക്കുന്ന ദൈവത്തിലും മനുഷ്യനിലും വിശ്വസിക്കുന്ന ഏത് കൃതിയിലും ഒരു ക്രിസ്തു മറഞ്ഞിരിപ്പില്ലേ? ■


*ലേഖകൻ ചങ്ങനാശേരി എസ്ബി കോളജ് മലയാളം ഡിപ്പാർട്മെന്റ് അസിസ്റ്റന്റ് പ്രഫസറാണ്.*

** കെ. ആർ. ടോണി സമകാലിക മലയാള കവിതയിലെ ഏറ്റവും ശ്രദ്ധേയനായ കവികളിൽ ഒരാൾ.*



## കവർസ്റ്റോറി

അഭിലാഷ് ഫ്രേസർ



# പ്രാണനിൽ വെളിച്ചം കൊളുത്തിയ വാക്കുകൾ

പ്രകാശത്തിന്റെ ആഘോഷങ്ങളിൽ നീരാടി നിൽക്കുന്ന രാത്രിനഗരം. നിങ്ങൾ എല്ലാ വിളക്കുകളും കാണുന്നു. വൈദ്യുതിയുടെ ആർഭാടങ്ങൾ കൊണ്ടാടുന്ന നൂറു കണക്കിന് വിളക്കുകൾ പക്ഷേ, നിങ്ങളുടെ നെഞ്ചിനെ തൊടുന്നില്ല. കാരണം ഒന്ന്, നിങ്ങളും ആ നഗരാഘോഷത്തിന്റെ ഭാഗമാണ്. രണ്ട്, വൈദ്യുതി അണയുന്നതോടൊപ്പം ആ വിളക്കുകളെല്ലാം കെട്ടുപോവുകയും ചെയ്യുന്നു. എന്നാൽ, എല്ലാ കൃത്രിമ വിളക്കുകളും കെട്ടുപോകുന്ന രാത്രിയിൽ, ഇരുളിന്റെ ഏകാന്ത നിശ്ശബ്ദതയിൽ തനിച്ചാകുന്ന നിങ്ങളുടെ അരികിലേക്ക് ഒരു മിന്നാമിന്നി പറന്നു വരുന്നു. അതിന്റെ ഇത്തിരിത്തുള്ളിയാകുന്ന പ്രകാശം നിങ്ങളെ തൊടുന്നു. നിങ്ങളുടെ ആത്മാവിൽ നിലാവുപോലെ പെയ്യുന്നു. ഒന്ന്, ആ പ്രകാശം ആ ജീവിയുടെ പ്രാണന്റെ ഭാഗമായതു കൊണ്ട്. രണ്ട്, എല്ലാ വിളക്കുകളും കെട്ടുപോകുന്ന നേരത്ത് പ്രാണന്റെ പ്രകാശം കൊണ്ട് അത് നിങ്ങൾക്കായി വെളിച്ചത്തിന്റെ ഒരു വിരുന്നൊരുക്കുന്നതു കൊണ്ട്...

ലോകത്തെയും ജീവിതങ്ങളെയും മാറ്റിമറിക്കുന്ന വാക്കുകളും ഇങ്ങനെയാണ്. ഈ മിന്നാമിന്നിയെ പോലെ. പ്രാണനിൽ കത്തിച്ചു വയ്ക്കുന്ന വാക്കുകൾ മാത്രമാണ് ജീ

വിതങ്ങൾക്കു വഴിവിളക്കാവുന്നത്. ഏറ്റവും ആത്മാർഥവും സത്യസന്ധവുമായ സ്വരങ്ങളാണ് മനസ്സിനെ തൊടുന്നത്. അലങ്കാരങ്ങളുടെ കാപട്യങ്ങൾ കൊണ്ട് നിങ്ങളെത്ര മറച്ചു പിടിച്ചാലും വാക്കുകൾക്കു പിന്നിലെ മനസ്സിന്റെ ആത്മാർഥതയെയും ആത്മാർഥതയില്ലായ്മയെയും തമ്മിൽ തിരിച്ചറിയാൻ വിവേകിയായ വായനക്കാരനു കഴിയും. അതാണ് ചരിത്രം.

ജീവരസം ചാലിച്ചെഴുതിയ വാക്കുകൾ ആയിരത്താണ്ടുകൾ പഴകാതെയിരിക്കും എന്നുള്ളതിന് സാക്ഷ്യമാണ് സെന്റ് അഗസ്റ്റിന്റെ കൺഫെഷൻസ് എന്ന അനശ്വരമായ ആത്മകഥ. ആത്മാവ് കീറിമുറിച്ചെഴുതുന്ന സത്യസന്ധതയാണ് ഈ അമൂല്യഗ്രന്ഥത്തിന്റെ അനന്യത. പതിനാറു നൂറ്റാണ്ടുകളായി അത് ജന്മങ്ങളെ നവീകരിച്ചു കൊണ്ടിരിക്കുന്നു. ഹൃദയങ്ങളിൽ പുതിയ ആത്മീയ വിസ്ഫോടനങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. ആവിലായിലെ വി. ത്രേസ്യയുടെ വഴിയിൽ വിളക്കായത് ഈ ഗ്രന്ഥമാണെന്നു കേട്ടിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ കൺഫെഷൻസ് എന്നറിയപ്പെടുന്ന തോമസ് മെർട്ടന്റെ സെവൻ സ്റ്റോറി മൗണ്ടൻ കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിൽ ആയിരക്കണക്കിന് ഹൃദയങ്ങളിൽ ആത്മീയതയുടെ തീ കൊളുത്തിവിട്ട ഗ്രന്ഥമാണ്. എല്ലാം കാണുകയും അറിയുകയും ചെയ്യുന്ന ദൈവത്തിന്റെ മുന്നിൽ മൂടുപടമിടാതെ നിൽക്കുന്ന അനർഘനിമിഷങ്ങളിലാണ് ഈ രണ്ടു പുസ്തകങ്ങളും എഴുതപ്പെട്ടത് എന്ന് അതിലെ ആഖ്യാനം തന്നെ പരമസാക്ഷ്യം.

എല്ലാ വിളക്കുകളും അണയുന്ന നേരത്ത് മിന്നാമിനുങ്ങിന്റെ ഒരു തുള്ളി വെളിച്ചം പോലെ എത്തുന്ന വാക്കുകളാണ് ജീവിതത്തെ സൗഖ്യപ്പെടുത്തുന്നതും വീണ്ടെടുക്കുന്നതും. അശരണവും സന്നിഗ്ദവുമായ ഒരു കൗമാരത്തിൽ വെളിച്ചത്തിന്റെ ഒരു നദീപ്രവാഹം തുറന്നു തന്നു കൊണ്ടാണ് അഗസ്റ്റിന്റെ കൺഫെഷൻസ് അവതരിച്ചത്. പിന്നീടൊരിക്കലും ജീവിതം പഴയതു പോലെയായില്ല. വി. കൊച്ചു ത്രേസ്യയും ഫുൾട്ടൻ ജെ. ഷീനും തോമസ് മെർട്ടനും ജിബ്രാനും ദസ്തയേവ്സ്കിയും പൗളോ കൊയ്ലോയും ഗോൾഡ്മാനുമെല്ലാം ഓരോരോ കാലത്തിൽ വാക്കിന്റെ വിളക്കുമായി വന്നു. എവിടെ നിന്നും വെളിച്ചം വരാം. ഏതു വാക്കും നിങ്ങളുടെ നെഞ്ചിലേക്കൊരു മിന്നാമിനുങ്ങായി ഉദയം ചെയ്യാം. വെളിച്ചത്തെ പ്രണയിക്കുന്ന ഒരു ഹൃദയം സൂക്ഷിക്കുക മാത്രം ചെയ്താൽ മതി.

**കുടുംബത്തിന്റെ രഥം വലിക്കാനുള്ളവൻ എന്ന പരിഗണന അവരുടെ ബാല്യകൗമാരങ്ങളിൽ ഒരു വല്ലാത്ത അഹങ്കാരം നിറച്ചു**

യാത്രാമൊഴിയുടെ തീരത്ത് നിൽക്കുന്ന ഖലീൽ ജിബ്രാന്റെ പ്രവാചകനോട് അൽമിത്ര പറയുന്നുണ്ട്, നിന്റെ വാക്കുകൾക്കു ഞങ്ങൾ കാതോർത്ത ഈ തീരവും വാക്കരുളിയ നിന്റെ ചൈതന്യവും വാഴ്ത്തപ്പെടട്ടെ! പ്രവാചകന്റെ മറുമൊഴി എല്ലാ എഴുത്തുകാർക്കുമുള്ള പാഠമാകുന്നു - ഞാനാണോ സംസാരിച്ചത്? ഞാൻ കേവലമൊരു കേൾവിക്കാരൻ മാത്രമായിരുന്നില്ലേ?

ഹൃദയങ്ങളെ തൊടുന്ന വാക്കുകളുടെ ഉടയോൻമാർ അവ നെഞ്ചിനുള്ളിൽ നിന്നും വായിച്ചെടുക്കുന്നവയാണ്. കേൾവിക്കാർക്കു വേണ്ടി മാത്രമല്ല, തന്നോടു തന്നെയാണ് അയാൾ സംസാരിക്കുന്നത്. തന്നെത്തന്നെയാണ് അയാൾ സ്വന്തം വാക്കുകൾ കൊണ്ട് ആദ്യം വിധിക്കുന്നത്. സ്വന്തം നെഞ്ചിലാണ് അയാളുടെ വാക്കിന്റെ കുന്തമുന ആദ്യം മുറിവേൽപിക്കുന്നത്. ആത്മാവിന്റെ മൃദുസ്വരത്തിനു കാതോർക്കുന്നവന്റെ വാക്കിലാണ് ഒരു തീരം മുഴുവൻ ഉണരുന്നത്. അയാളുടെ വാക്കുകളെ ചിറകിലേറ്റി തീരക്കാറ്റ് തലമുറകളോളം പാടി നടക്കും.

സ്നാപകയോഹന്നാൻ പാടിയതു പോലെ, ഞാനാണ് സ്വരം. വാക്ക് നീയും. നിന്റെ കാറ്റിൽ പെട്ടുലയുന്ന ഇലകളുടെ ഉന്മാദമാണ് എന്റെ സംഗീതമെന്ന് കേൾവിക്കാർ നിനയ്ക്കുന്നത്. നിന്റെ കാറ്റിനു കാതോർത്തു എന്നതു മാത്രമാണ് ഇലകളുടെ സുകൃതം.

സത്യം, നമ്മൾ കേവലം കേൾവിക്കാർ മാത്രമാണ്. കേട്ടതു സ്വയമറിയാതെ പാടിപ്പോയതാണ്. സംഗീതം മറ്റൊരാളുടെ സൃഷ്ടി. വാക്കിലൂടെ ആത്മാവിൽ മുട്ടി വിളിക്കുന്നതും ചൈതന്യത്തിന്റെ ഗംഗാപ്രവാഹമുണർത്തുന്നതും അയാൾ. അനാദി മുതൽക്കേ വചനം എന്ന് അയാളുടെ പേര്! ■



**കവർസ്റ്റോറി**

ജയ്മോൻ കുമരകം

# എഴുത്ത്

## ക്രിസ്തീയ മൂല്യങ്ങൾ പ്രകാശിപ്പിക്കാനുള്ള വരം



**1980**-കളുടെ അവസാനം - കേരളത്തിലെ കാമ്പസുകളിൽ പരിശുദ്ധാത്മാവിൽ പ്രേരിതരായി അനേകം യുവജനങ്ങൾ ഒരുമിച്ചുവരാൻ തുടങ്ങിയ കാലം. ആത്മാവിൽ ജ്വലിക്കുന്ന അഗ്നിയുമായി ഓടിനടക്കുമ്പോൾ ഹൃദയത്തിലേക്കു കടന്നുവന്ന പ്രധാന ചിന്ത സഭയെ എങ്ങനെ പരിപോഷിപ്പിക്കാമെന്നതായിരുന്നു. ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന താലന്തുകളും വിളിയും വ്യത്യസ്തമാണല്ലോ. കർത്താവു കൃപയായി നൽകിയ സാഹിത്യത്തെ എങ്ങനെ വിനിയോഗിക്കാമെന്ന് പ്രാർഥനകളിലും ആലോചനകളിലും പ്രധാന വിഷയമായി. കിട്ടാവുന്ന ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ തെരഞ്ഞുപിടിച്ചു വായിക്കാനാരംഭിച്ചു. ഇതുവഴി എഴുതുവാനുള്ള വലിയ പ്രചോദനമാണു ലഭിച്ചത്.

ആയിടെയാണ് ദീപികയിൽ റിപ്പോർട്ടറായി ജോലിക്കു കയറുന്നത്. എഴുതാനുള്ള സാഹചര്യങ്ങൾ അങ്ങനെ ഒത്തുവന്നു. ബാലസാഹിത്യ മേഖലയിലാണ് ആദ്യം കൈവച്ചത്. ക്രിസ്തീയതയിൽ അടിയുറച്ച

വ്യക്തിത്വം കുഞ്ഞുങ്ങളിൽ രൂപം കൊള്ളണം. അതിനനുസൃതമായ രചനയിലാണ് അക്കാലങ്ങളിൽ ഏർപ്പെട്ടത്. ചെറുപ്രായത്തിൽ ആഴത്തിലുള്ള വിശ്വാസം ലഭിച്ചെങ്കിൽ മാത്രമേ വളർന്നുവരുമ്പോൾ പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോഴും വിശ്വാസത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളു.

1989-ലാണ് ആദ്യത്തെ പുസ്തകം പ്രസിദ്ധീകരിച്ചത്. എങ്ങനെ പഠിക്കണം, പരീക്ഷയെഴുതണം? എന്നതിനെക്കുറിച്ചായിരുന്നു അത്. അന്ന് ക്രിസ്റ്റീൻ മിനിസ്ട്രിയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. മിക്ക കുട്ടികളുടെയും പ്രധാന പ്രശ്നം, ഇരുന്നു പഠിക്കാൻ പറ്റുന്നില്ല, പരീക്ഷയ്ക്കു മുൻപേ വലിയ ടെൻഷൻ ഉണ്ടാകുന്നു, പഠനത്തെ ശരിയായവിധത്തിൽ അഭിമുഖീകരിക്കാൻ കഴിയുന്നില്ല എന്നതൊക്കെയാണ്. അതിനു പരിഹാരമായി ജീവിതത്തിൽ കണ്ട കാര്യം, ഈശോയോടു ചേർന്നു പഠിക്കലാണ്. പഠിക്കുന്നതിനു മുൻപ് അവിടുത്തെ സഹായം തേടുക, അവിടുന്നു കൂടെയുണ്ടെന്ന് ഓർമിക്കുക, അവിടുത്തെ ആശ്രയിക്കുന്നവർ ഒരിക്കലും നിരാശപ്പെടേണ്ടിവരികയില്ലെന്ന പ്രത്യാശ പുലർത്തുക എന്നിങ്ങനെ പഠനത്തെ നേരിടുമ്പോൾ അകാരണമായ ഭീതിയും ടെൻഷനും മാറിപ്പോകുന്നതു കാണാം. ഞാൻ കടന്നുപോയാലും നിങ്ങൾക്കൊരു സഹായകനെ നൽകുമെന്ന് ഈശോ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. അതനുസരിച്ച് പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിലിടപെടുമ്പോൾ നമ്മുടെ പ്രശ്നങ്ങളും മാഞ്ഞുപോകും. ഈ അടിസ്ഥാനത്തിൽ കുട്ടികളെ ബോധവത്ക്കരിക്കാനുള്ള രചനകളാണ് അക്കാലത്തു നടത്തിയത്. 'പഠിക്കൂ, ജയിക്കൂ' എന്നതായിരുന്നു ആദ്യ പുസ്തകത്തിന്റെ പേര്.

രചനകളിലൂടെ ക്രിസ്തീയ മൂല്യങ്ങൾ പകരാനുള്ള വലിയ സാധ്യതകൾ തുറന്നുതന്ന ശാലോം തുടങ്ങിയപ്പോൾ അതിനോടു സഹകരിക്കണമെന്നു തോന്നി. ആ തീക്ഷ്ണതയാണ് കോട്ടയത്തുനിന്നും ഒരു കുഗ്രാമമായ പെരുവണ്ണാമുഴിയിലേക്കു ചേക്കേറാൻ കാരണം. 1999-ലായിരുന്നു അത്. സ്വന്തം കാഴ്ചപ്പാടുകൾക്കനുസരിച്ച് ജീവിതത്തെ ക്രമീകരിക്കാൻ ഇതുവഴി സാധിച്ചു.

സൺഡേ ശാലോമിൽ കഴിഞ്ഞ നാലു വർഷങ്ങളായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന 'ആൾക്കൂട്ടത്തിൽ തനിയെ' എന്ന പംക്തി ഏറെ ശ്രദ്ധ പിടിച്ചുപറ്റിയതാണ്. ക്രിസ്തീയ മൂല്യങ്ങൾക്കു വിരുദ്ധമായ ആശയങ്ങൾ എവിടെ കണ്ടാലും അതിനെ തുറന്നെതിർക്കാൻ ഇതുവഴി സാധിക്കുന്നുണ്ട്. അത് സഭയ്ക്കുള്ളിൽ നിന്നാണെങ്കിലും പുറത്തുനിന്നാണെങ്കിലും രചനകളിലൂടെ അതിനെ തുറന്നു വിമർശിക്കാൻ കഴിയുന്നത് ആത്മാവിന്റെ അഗ്നി ഉള്ളിൽ ജ്വലിക്കുന്നതുകൊണ്ടാണ്. ഉദാഹരണമായി, കേരളത്തിൽ ചിലയിടങ്ങളിൽ തിരുനാളിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന ദുരാചാരങ്ങൾക്കെതിരെ (വാഹന ഗതാഗതം സ്തംഭിപ്പിച്ചുകൊണ്ട് റോഡു നിറഞ്ഞുള്ള പ്രദക്ഷിണം, കോഴിവെട്ട് മുതലായവ) ശക്തമായി പ്രതികരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ന്യൂ ജനറേഷൻ സിനിമകളിലെ ലൈംഗിക അരാജകത്വം, മാധ്യമങ്ങളിൽ സഭയെയും പുരോഹിതരെയും കന്യാസ്ത്രീകളെയും അപഹസിക്കുന്ന തരത്തിലുള്ള പരിപാടികൾ തുടങ്ങിയവയെ ജനങ്ങൾ തിരിച്ചറിയണമെന്ന് എഴുത്തിലൂടെ തുറന്നുകാണിക്കാൻ കഴിയുന്നു.

ചുരുക്കത്തിൽ എഴുതാനുള്ള കഴിവ് ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ പര്യാപ്തമാകണം. എന്നെക്കുറിച്ചുള്ള ദൈവിക പദ്ധതി അതാണെന്നു ഞാൻ മനസ്സിലാക്കുന്നു. എഴുത്തിലേക്കുവരുന്ന യുവജനങ്ങൾ ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരാകണം. വസ്തുനിഷ്ഠമായും നീതിയോടെയും പ്രശ്നങ്ങളെ വിലയിരുത്തി സുവിശേഷ മൂല്യങ്ങളിൽ അടിയുറച്ചു പ്രവർത്തിക്കാൻ അവർക്കു കഴിയട്ടെ ■

*ലേഖകൻ കോട്ടയത്തിനടുത്ത കുമരകം സ്വദേശി. ഇപ്പോൾ സൺഡേ ശാലോമിൽ അസിസ്റ്റന്റ് എഡിറ്റർ. 50-ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആറു പുസ്തകങ്ങൾ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. സ്നേഹത്തിന്റെ മലർവാടി (THE BOUQUETS OF UNFADING LOVE) എന്ന ഗ്രന്ഥം ഇംഗ്ലീഷ്, തെലുങ്ക്, തമിഴ്, ഹിന്ദി, മറാത്തി തുടങ്ങിയ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഭാര്യ അജിമോൾ; മക്കൾ ജോയൽ, റോസ്മേരി, അൽഫോൻസ; ഇപ്പോൾ കോഴിക്കോട് പെരുവണ്ണാമുഴിക്കടുത്ത് താമസിക്കുന്നു.*

*(അഭിമുഖ സംഭാഷണത്തെ ആസ്പദമാക്കി എഴുതിയ ലേഖനം)*



## കവർസ്റ്റോറി

ജോബി തോമസ്

# ക്രിസ്തുവിലെത്തുന്ന ചില ലാവണ്യവഴികൾ



മലയാള നിരൂപണ സാഹിത്യത്തിലെ അപൂർവ വിസ്മയമായ പ്രകാശഗോപുരമാണ് കെ.പി. അപ്പൻമാഷ്. ധ്വനിസാന്ദ്രമായ സൗമ്യാക്ഷരങ്ങൾകൊണ്ട്, ആധുനിക വിമർശന പരിസരത്തെ ക്ഷോഭിപ്പിച്ച പ്രതിഭ. ഹരിതസമൃദ്ധിയിലെ നിലാരാത്രികൾക്കു സമം ആർദ്രോഷ്മളമായൊരു അനുഭവ സാമീപ്യമാണ് അദ്ദേഹത്തിന്റെ 'ബൈബിൾ വെളിച്ചത്തിന്റെ കവച'വും 'മധുരം നിന്റെ ജീവിത'വും പ്രദാനം ചെയ്യുന്നത്. ക്രിസ്തുവിജ്ഞാനീയത്തിന്റെയും മേരീവിജ്ഞാനീയത്തിന്റെയും ഗഹനമായ ഉള്ളടരുകളെ ഭാഷയുടെയും സാഹിത്യത്തിന്റെയും അതിവിശാലഭൂമികയിൽ നിന്നുകൊണ്ട് ആത്മീയലാവണ്യത്തിന്റെ വൈയക്താനുഭൂതികളിലേയ്ക്ക് അദ്ദേഹം ഈ കൃതികളിലൂടെ പരുവപ്പെടുത്തിയെടുക്കുകയാണ്.

ഒന്നേമുക്കാൽ പതിറ്റാണ്ടുമുമ്പു വെളിച്ചം കണ്ട ഇവയിലെ ആദ്യപുസ്തകം അത്ഭുതത്തോടെ വായിച്ചത് ഇന്നും ഓർമിക്കുന്നുണ്ട്. അലങ്കരിച്ച ദേവദാരുവൃക്ഷങ്ങൾ സ്വപ്നത്തിൽ കടന്നുവരുന്ന ശൈശവകാല സ്മരണകളിലെ തിരുപ്പിറവിയെക്കുറിച്ചും ഒരു ക്രിസ്മസ് ദിനത്തിലെ സ്നേഹവിരുന്നിനുശേഷം കിട്ടിയ ബൈബിൾ വായിച്ച് ഇളം പ്രായത്തിൽ, ക്രിസ്തുവിന്റെ അത്ഭുതങ്ങളുടെ വിസ്മയനദിയിൽ ഒരു തൂവൽപോലെ ഒഴുകി നടന്നതിനെക്കുറിച്ചും അപ്പൻമാഷ് കുറിക്കുന്നു. നാൽപതുനാൾ നീളുന്ന ഉപവാസത്തിനുശേഷം സ്വന്തം വിശപ്പുമാറ്റാൻ അത്ഭുതം കാട്ടിയില്ല എന്ന മഹാത്ഭുതത്തിലൂടെ ക്രിസ്തുവചനങ്ങളുടെ ആലയത്തിൽ ദീർഘകാലം വസിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടവനായി. ശാബത്ത് മനുഷ്യനുവേണ്ടി ഉണ്ടാക്കപ്പെട്ടതാണെന്ന വിപ്ലവകരമായ ഉൾക്കാഴ്ച യൗവ്വനത്തിന്റെ ധമനികളിൽ പുതുവീഞ്ഞൊഴുക്കി. വീണ്ടും പ്രായത്തിന്റെ പക്വവഴികൾ വിരുന്നെത്തിയപ്പോൾ, രക്ഷയുടെ അടയാളമായ കുരിശിന്റെ അർഥത്തിലേയ്ക്കു നടന്നുകയറി.

ജി.കെ. ചെസ്റ്റർട്ടൻ 'നിത്യനായ മനുഷ്യ'നിലൂടെ വരച്ചിടുന്ന ക്രിസ്തുചിത്രം വെളിവാക്കിക്കൊണ്ട്, സ്നേഹദർശനം വഴി ഭൂമിയുടെ അതിരുകളെ സ്വന്തമാക്കിയവനെക്കുറിച്ച് കെ.പി. അപ്പൻ വാചാലനാവുന്നു. മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ വേണ്ടി മനുഷ്യർ അനുഭവിക്കുന്ന എല്ലാ പീഡനങ്ങളിലും ക്രിസ്തുവിന്റെ സന്ദേശം അന്തർഭവിച്ചിട്ടുണ്ട്. ക്രിസ്തുവിനെതിരെ ചിന്തിക്കുന്നവരും അവനിൽനിന്ന് അകന്നുപോകുന്നില്ല. ക്രിസ്തുവിൽ ജീവിച്ചുകൊണ്ട് അവിടുത്തേയ്ക്കെതിരെ ഹൃദയം കഠിനമാക്കുകയാണ് കലാകാരന്മാർപോലും. ആത്മാവും മാംസവും തമ്മിലുള്ള ഇത്തരം സംഘർഷങ്ങൾ അപഗ്രഥിക്കുന്നവരുടെ പ്രതിഭ അറിയാതെതന്നെ ക്രിസ്തുവിൽ എത്തിച്ചേരുമെന്നതിന് കസൻദ്സാക്കിസ് ഉദാഹരണമാണ്. ദൈവസ്നേഹത്തിന്റെ ഉന്മാദലഹരിയിൽ ഈറനണിഞ്ഞ മിഴികളുമായാണ് അദ്ദേഹം ഫ്രാൻസിസ് അസ്സീസിയെക്കുറിച്ചെഴുതിയത്. ക്രിസ്തുസദൃശമായ സ്നേഹം ഭൂമിയിലേയ്ക്ക് അസാധ്യമായ ദിവ്യാത്ഭുതമാണെന്ന് ദസ്തയേവ്സ്കിയുടെ ഇവാൻ പറയുന്നതിന്റെ കാരണവും മറ്റൊന്നല്ല.

'എപ്പിഫെനി'യുടെ ദൈവശാസ്ത്രപരമായ വിശദീകരണങ്ങളിലൂടെ സഞ്ചരിച്ച് സാഹിത്യ

ത്തിലെ എപ്പിഫെനിയിലേയ്ക്ക് അപ്പൻമാഷ് എത്തിച്ചേരുന്നുണ്ട്. ബത്‌ലഹേമിലെ ആട്ടിടയർക്കും കിഴക്കുനിന്നുള്ള ജ്ഞാനികൾക്കും ലഭിച്ച അടയാളങ്ങളും ജോർദാനിലെ ജ്ഞാനസ്നാനനേരത്തെ അസാധാരണ സംഭവങ്ങളുമെല്ലാം പ്രതീക്ഷിച്ചവന്റെ വരവിനെയും അവന്റെ അനന്യതയെയും കുറിച്ചുള്ള വെളിപ്പെടലുകളായിരുന്നു. ഒരു സംഭവത്തിന്റെ സത്തയായ സ്വഭാവത്തിലേക്കു കടക്കുവാനുള്ള താക്കോലായി, ദൃശ്യങ്ങളുടെ പ്രതിരൂപാത്മകത സമാഹരിക്കുന്ന സന്ദർഭങ്ങളായി ജയിംസ് ജോയിസ് തന്റെ വിഖ്യാതനോവലുകളിൽ ഉപയോഗിച്ചിട്ടുള്ളതും ഈ ദൈവശാസ്ത്രസംപ്രത്യയത്തെത്തന്നെയാണ്.

പഴയനിയമത്തിലെ യഹോവയുടെ ഭയാനകമായ പ്രത്യക്ഷങ്ങളിൽനിന്നും വിഭിന്നമായി, മനുഷ്യമിത്രമായി കാരുണ്യത്തിന്റെ ഭവനത്തിലേയ്ക്ക് നരകുലത്തെ ദത്തെടുത്തുകൊണ്ട് ചരിത്രത്തിലേയ്ക്ക് പ്രവേശിച്ചവനാണ് ക്രിസ്തു. അവനിലേക്കുള്ള പ്രവേശനം ദേവാലയത്തിലെ നീണ്ട പ്രാർഥനയിലൂടെയെന്നതിനപ്പുറം കാരുണ്യം നിറഞ്ഞ പ്രവർത്തനങ്ങളിലൂടെയാണ്. മനുഷ്യന്റെ പരിമിതിയും ക്രിസ്തുവിന്റെ മഹത്വവും തമ്മിലുള്ള അകലത്തെ അതിജീവിക്കുമ്പോൾ വിശുദ്ധർ പിറക്കുകയായി...

കുരിശിനെക്കുറിച്ചുള്ള അതിശ്രേഷ്ഠവും ഉൾക്കാഴ്ചകൾ നിറഞ്ഞതുമായ ധ്യാനങ്ങൾകൊണ്ട് 'ബൈബിൾ വെളിച്ചത്തിന്റെ കവചം' ഏറെ സമൃദ്ധമാണ്. ഹീനമരണത്തിന്റെയും ഭയങ്കരനിന്ദയുടെയും പ്രതീകമായ കുരിശിൽ ക്രിസ്തു തന്റെ അകളങ്കരക്തം ചൊരിഞ്ഞപ്പോൾ അത് അനുഗ്രഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീക്ഷയുടെയും അടയാളനിറവായി. കുരിശെന്ന സങ്കൽപത്തിൽ ക്രിസ്തുവിന്റെ ജനനവും സമ്പൂർണജീവിതവും അടങ്ങിയിട്ടുണ്ട്. ചരിത്രത്തിലേയ്ക്കുള്ള അവിടുത്തെ പ്രവേശനവും എതിർപ്പുകളും കഷ്ടാനുഭവങ്ങളും നിറഞ്ഞ പരസ്യജീവിതവും കുരിശിന്റെ വഴിയിലൂടെ തന്നെയായിരുന്നു. ക്രൂശിക്കപ്പെട്ടവരുടെ തലയോടുകൾ നിറഞ്ഞ, ദൂരെനിന്നു നോക്കുന്നവർക്ക് വലിയ തലയോട്ടിപോലെ തോന്നുന്ന കാൽവരിയിലേയ്ക്കുള്ള സഹനയാത്രയിലൂടെ കുരിശ് നിത്യമഹത്വത്തിന്റെ വിജയചിഹ്നമായി പരിവർത്തനപ്പെട്ടു. ക്രിസ്തുവിലേക്കു വളരുക എന്നാൽ കുരിശിലേക്കു വളരുക എന്നു തന്നെയാണർഥം. അതു പലകാലങ്ങളിൽ ജീവിതത്തിലും കലയിലും തുടരുന്നു. ഹെമിങ്‌വേയുടെ സാന്തിയാഗോ, പായ്മരവും തോളിലേറ്റി നടത്തുന്ന യാത്ര അദ്ദേഹത്തിന്റെ ഭാവനയിലൂടെ സുവിശേഷങ്ങളിലെ ക്രിസ്തു നടത്തുന്ന യാത്ര തന്നെയാണ്.

നിക്കോദേമൂസ് ആന്തരികമായി അണച്ചുപിടിച്ച ശിഷ്യത്വവും, മഹത്വമേറിയ രണ്ടാംവരവിനെക്കുറിച്ചുള്ള വിചിന്തനങ്ങളും, വെളിപാടു പുസ്തകത്തിന്റെ അമൂല്യശോഭയെക്കുറിച്ചുള്ള അന്വേഷണങ്ങളുമെല്ലാം ഈ ഗ്രന്ഥത്തിന്റെ വിഷയങ്ങളായിത്തീരുന്നു. അത്യുന്നതങ്ങൾ മഹത്വപ്പെടുത്തിയ മൂന്നു സാഹിത്യകലാകാരന്മാർ ഷേക്സ്പിയറും ദസ്തയേവസ്കിയും 'ഇയ്യോബിന്റെപുസ്തകം' എന്ന കലാസൃഷ്ടിയുടെ കർത്താവുമാണെന്ന് ആർച്ച്ബാൾഡ് മാക്‌ലീഷ് പറയുന്നുണ്ട്. അതിനു തെളിവായി മാറുന്നതാണ് 'സൃഷ്ടിയുടെ പ്രഹേളികാ സൗന്ദര്യം' എന്ന ജോബിന്റെ പുസ്തകത്തെക്കുറിച്ചുള്ള ആഴമേറിയ പഠനം.

'ബൈബിൾ ഞാൻ എത്രതവണ വായിച്ചിട്ടുണ്ടെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ. ഇതുവരെയുള്ള കാലം മുഴുവൻ ഞാൻ ബൈബിളിന്റെ സാക്ഷിയും വായനക്കാരനുമാണ്. ആ സത്യകൂടാരത്തിന്റെ ശുശ്രൂഷകനാകാൻ ഞാൻ എപ്പോഴും ആഗ്രഹിക്കുന്നു...' കെ.പി. അപ്പന്റെ വാക്കുകളിൽ, ഒരു സാഹിത്യപഠിതാവിന്റെ സ്വരത്തിനപ്പുറം, ആന്തരികബോധ്യങ്ങളുടെ വിശ്വാസത്തേരിൽ യാത്ര ചെയ്യുന്ന ഒരു പടയാളിയുടെ ഉള്ളുറപ്പും നമുക്ക് അനുഭവിച്ചറിയാം. ഈ പുസ്തകത്തിലെ 'വിശുദ്ധകന്യക'യെന്ന വിചിന്തനത്തിന്റെ പിൻതുടർച്ച തന്നെയാണ് അക്കാദമിഅവാർഡ് കരസ്ഥമാക്കിയ 'മധുരം നിന്റെ ജീവിതം' എന്ന സുന്ദരകലാശിൽപവും. വിദൂരമായ കായൽനീലിമയെ പകുത്തു നീങ്ങുന്ന ഒറ്റയാൾനൗകയുടെ ഭാവഗാംഭീര്യത്തോടെ, ഋതുഭേദങ്ങൾക്കിടയിലെ വയൽപ്പകർച്ചകൾപോലെ അപ്പൻമാഷിന്റെ വരികൾ ആത്മീയമായ ലാവണ്യാനുഭൂതികളിലേയ്ക്ക് നമ്മെ നിരന്തരം വിരുന്നു വിളിക്കുകയാണ്. വരൂ... നമുക്കതിൽ സ്നാനപ്പെടാം... ■



കെ.പി. അപ്പൻ

*ജീസസ് യൂത്ത് കേരള കോഓർഡിനേറ്ററും മുട്ടാർ സെന്റ് ജോർജ് ഹയർസെക്കൻഡറി സ്കൂളിൽ അധ്യാപകനുമാണ് ലേഖകൻ.*





ഫാ. ജോസഫ് വയലിൽ. C.M.I.

# നീ അറിയാതെ നീ സ്വാധീനിക്കപ്പെടുന്നുണ്ട്; ഞാനും.

ഇടവേളകളിൽ നാം പത്രത്തിൽ വായിക്കുന്ന ഒരുതരം വാർത്തയുണ്ട്. രോഗങ്ങൾ മൂലം തകർന്നുപോയ വ്യക്തികളുടെ കഥ; കുടുംബങ്ങളുടെ കഥ; പഠിക്കാൻ കഴിവ് ഉണ്ടായിട്ടും പണമില്ലാത്തതുകൊണ്ട് പഠിക്കാൻ പറ്റാത്തവരുടെ കഥ; കഴിവും അവസരവും ഉണ്ടായിട്ടും പണമില്ലാത്തതുകൊണ്ട് മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാത്ത കായികതാരങ്ങളുടെ കഥ. ഇത്തരം വാർത്തകൾ വരുന്നതിന്റെ പിറ്റേദിവസത്തെ പത്രത്തിൽത്തന്നെ അവർക്കുള്ള സഹായ പ്രവാഹങ്ങൾ ആരംഭിച്ചതായുള്ള വാർത്തയും നാം വായിക്കുന്നു. പണം കൊടുക്കുവാനും, അവയവം ദാനം ചെയ്യുവാനും വീട് വച്ചു കൊടുക്കുവാനും, പഠന ചെലവുകൾ വഹിക്കുവാനുമൊക്കെ ആളുകൾ തയ്യാറായി മുന്നോട്ടുവരുന്നു. ഇത്തരം വാർത്തകൾ രണ്ട് പ്രധാന കാര്യങ്ങൾ നമ്മോട് പറയുന്നുണ്ട്. ഒന്ന്, കഷ്ടപ്പെടുന്നവരെ സഹായിക്കുവാനുള്ള മനസ്സുള്ള മനുഷ്യർ ഉണ്ട് എന്നത്. രണ്ട്, ഇത്തരത്തിലുള്ള ആവശ്യക്കാരെക്കുറിച്ചുള്ള വാർത്തകൾ മനുഷ്യരെ സ്വാധീനിക്കുന്നു എന്നത്. അതുകൊണ്ടാണല്ലോ സഹായിക്കുവാൻ പലരും തയ്യാറാകുന്നത്.

ഒരു സംഭവം പറയാം. ബി.എഡ് കഴിഞ്ഞിട്ട് ജോലി കിട്ടാതിരുന്ന ഒരു പാവപ്പെട്ട വീട്ടിലെ പെൺകുട്ടി ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. ഏറ്റവും അടുത്ത കൂട്ടുകാരിയെ അവസാനമായി കാണുവാൻ ആ വീട്ടിലെത്തി. അവൾ കുളിക്കുകയായിരുന്നതിനാൽ, ഇവൾക്ക് കുറച്ചുസമയം തനിയെ ഇരിക്കേണ്ടിവന്നു. അപ്പോൾ ശാലോം ടൈംസ് എന്ന മാസിക മേശപ്പുറത്ത് കണ്ട് അവൾ പേജുകൾ മറിച്ചു. അപ്പോൾ കണ്ട ഒരു തലക്കെട്ട് ഇങ്ങനെയായിരുന്നു: ഇതും കടന്നുപോകും. ആ തലക്കെട്ടിന്റെ ആകർഷണീയത കൊണ്ട് അവൾ ആ ചെറുലേഖനം വായിച്ചു. അതിന്റെ ഉള്ളടക്കം ഇതായിരുന്നു: എല്ലാ പ്രശ്നങ്ങൾക്കും, എല്ലാ വേദനകൾക്കും ഒരു അവസാനമുണ്ട്. അതുകൊണ്ട്, നിങ്ങൾ ഇപ്പോൾ കടന്നുപോകുന്ന, പ്രശ്നങ്ങൾക്കും ഒരു അന്ത്യമുണ്ട്. അതിനാൽ നിരാശപ്പെടരുത്. ഈ ലേഖനം വായിച്ച പെൺകുട്ടി ആത്മഹത്യ വേണ്ടന്നുവച്ചു.

വേറൊരു സംഭവം: ഒരു മനുഷ്യൻ ആത്മഹത്യ ചെയ്യുവാനായി രാത്രിയിൽ ലോഡ്ജിൽ മുറിയെടുത്തു. വിഷം കുടിച്ചു മരിക്കാനായിരുന്നു പ്ലാൻ. എല്ലാവരും ഉറങ്ങിയശേഷം വിഷം കഴിക്കാം; അല്ലെങ്കിൽ വല്ല ഒച്ചയും ഉണ്ടാക്കിയാൽ ആളുകൾ വന്ന് രക്ഷപെടുത്തും. ഇങ്ങനെ ചിന്തിച്ച് അദ്ദേഹം പാതിരാ കഴിയാൻ കാത്തിരുന്നു. ഉറക്കവും വരുകയില്ലല്ലോ. സമയം കളയാനായി ടെലിവിഷൻ ചാനലുകൾ മാറി മാറി നോക്കിക്കൊണ്ടിരുന്നു. അങ്ങനെ നോക്കുമ്പോൾ ഒരിക്കലും കാണാത്ത ഒരു ചാനൽ കണ്ടു - ശാലോം ടി.വി. അത് കുറേനേരം കണ്ടിരിക്കാൻ തോന്നി. അതോടുകൂടി ആത്മഹത്യ ചെയ്യാനുള്ള പ്ലാൻ ഉപേക്ഷിച്ച് കിടന്ന് ഉറങ്ങി. രാവിലെ വീട്ടിലേക്ക് പോയി. അവിടെനിന്ന് ശാലോമിനെ പറ്റി അന്വേഷിച്ചറിഞ്ഞ് എത്തിയത് ഒരു ശാലോം കൺവെൻഷനിൽ.

അച്ചന് ഇത്രയും സ്വപ്നമേ ഉള്ളോ എന്ന് ഒരിക്കൽ ഒരു പത്രലേഖകൻ എന്നോട് ചോദിച്ചു, കൂടുതൽ വലിയ സ്വപ്നങ്ങൾ കാണണമെന്ന് അദ്ദേഹം പറഞ്ഞു. ഇതേ തലക്കെട്ടിൽ ഞാനിത് ഒരു ലേഖനമാക്കി. വീട്ടിൽ കാർ ഉണ്ടായിട്ടും, ഡ്രൈവിങ് പഠിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ഒരു കുടുംബനാഥ ഈ ലേഖനം വായിച്ചു. അത് ആ സ്ത്രീയെ പുതിയ, വലിയ സ്വപ്നം കാണുന്നയാളാക്കി മാറ്റി. തുടർന്ന് ഡ്രൈവിങ് പഠിച്ച് ലൈസൻസ് എടുത്ത് സ്വന്തമായി കാർ ഓടിക്കുവാൻ തുടങ്ങി.

നിന്റെ ആവശ്യനേരത്ത് നിന്നെ സഹായിക്കുവാനായി ദൈവം തക്ക സമയത്തു തന്നെ വരും, അവിടുന്ന് വരുന്നത് വളരെ നേരത്തെ ആയിരിക്കുകയില്ല; വരാൻ അവിടുന്ന് ഒട്ടും താമസിക്കുകയുമില്ല എന്ന ഒരു വാചകം കേട്ടപ്പോൾ ലഭിച്ച പ്രചോദനം കൊണ്ട് രോഗശാന്തി നേടിയവരും വലിയ പ്രതിസന്ധികളെ അതിജീവിച്ചവരും ഉണ്ട്. ഒരിക്കൽ ധ്യാനം

നടത്തുവാൻ പോയപ്പോൾ താമസിച്ച വീട്ടിൽ നിന്നും ധ്യാനം കഴിഞ്ഞ് പോരാൻ തുടങ്ങുകയാണ്. യാത്ര പറഞ്ഞ് ഇറങ്ങാൻ നേരത്ത് ആ വീട്ടിലെ ഒരംഗം പറഞ്ഞു: അച്ചാ, ഓർക്കുമ്പോൾ പ്രാർഥിക്കണം; പ്രാർഥിക്കുമ്പോൾ ഓർക്കണം. പെട്ടെന്നു ആ വാചകം എന്റെ മനസ്സിൽ പതിയുകയും സ്വാധീനിക്കുകയും ചെയ്തു. 2002-ൽ ആണ് ഈ സംഭവം നടന്നത്. ഇതാ, ഇന്നും ഞാൻ വാചകം ഓർത്തിരിക്കുന്നു. ഇത് എഴുതുമ്പോഴും അത് പറഞ്ഞ ആൾക്കുവേണ്ടി ഞാൻ പ്രാർഥിക്കുകയാണ്. ഒരിക്കൽ ഇതേ തലക്കെട്ടിൽത്തന്നെ ഞാൻ ഇതൊരു ലേഖനമാക്കി. അനേകരെ അത് സ്വാധീനിച്ചു. പലരും നേരിട്ട് പറഞ്ഞിട്ടുണ്ട്. ചിലർ ആ ലേഖനഭാഗം മുറിച്ച് എടുത്ത് പ്രാർഥനാമുറിയിൽ ഒട്ടിച്ചുവച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു.

ഈ സംഭവങ്ങൾ എല്ലാം എഴുതിയത് ഒരു കാര്യം വ്യക്തമാക്കാനാണ്. നമ്മൾ കാണുന്നതും കേൾക്കുന്നതും ആയ കാര്യങ്ങൾ നമ്മൾ അറിഞ്ഞോ അറിയാതെയോ നമ്മെ സ്വാധീനിക്കുന്നു. അത് ചിലപ്പോൾ വലിയ ഫലങ്ങൾ ഓരോരുത്തരുടെ ജീവിതത്തിൽ ഉണ്ടാക്കുന്നു. അടുത്ത കാലത്ത് എന്നെ കാണാൻ വന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞ കഥ കേൾക്കുക: അദ്ദേഹം കോഴിക്കോട് ദേവഗിരി കോളജിൽ ആണ് പഠിച്ചത്. അദ്ദേഹത്തെ കോളജിൽ സാമ്പത്തികശാസ്ത്രം പഠിപ്പിച്ചത് ഞാനാണ്. കടുത്ത സാമ്പത്തിക ഞെരുക്കം കാരണം അദ്ദേഹം പഠനം നിർത്തി കൂലിപ്പണിക്ക് പോകാൻ ആലോചിച്ചിരിക്കുകയായിരുന്നു. ഇതൊന്നും അറിയാതെ ഞാൻ ഒരിക്കൽ ഇങ്ങനെ ഒരു വചനം പറഞ്ഞു: കീശയിൽ കാശ് ഇല്ലാത്തവനല്ല, മനസ്സിൽ സ്വപ്നം ഇല്ലാത്തവനാണ് ദരിദ്രൻ. ഈ വാചകം ആ വിദ്യാർഥിയെ വല്ലാതെ സ്വാധീനിച്ചു. അദ്ദേഹം ചിന്തിച്ചു; എനിക്ക് കാശില്ലെങ്കിലും സ്വപ്നം കണ്ടുകൂടെ? അങ്ങനെ സ്വപ്നം കാണാൻ തുടങ്ങി. പഠനം തുടർന്നു. പ്രീഡിഗ്രി കഴിഞ്ഞ് ഡിഗ്രി എടുത്തു. പോലീസ് വകുപ്പിൽ ജോലി കിട്ടി. അധ്യാപികയെ വിവാഹം ചെയ്തു. സ്ഥലം വാങ്ങി. വീട് വച്ചു. ഇന്ന് ആഘോഷമായി ജീവിക്കുന്നു. ഇതിനെല്ലാം വഴി വച്ചത് ഞാൻ പറഞ്ഞ ഒരു വാചകം. ഈ സംഭവങ്ങൾ എല്ലാം അദ്ദേഹം തന്നെയാണ് എന്നോട് വിവരിച്ചത്.




നല്ലതും ചീത്തയും ആയ ആശയങ്ങൾ നമ്മെ സ്വാധീനിക്കുന്നു, അറിഞ്ഞോ അറിയാതെയോ. ഇവിടെയാണ് മാധ്യമങ്ങളുടെ പ്രസക്തി. നാനാതരത്തിലുള്ള മാധ്യമങ്ങളിലൂടെ ദിവസവും എന്തെല്ലാം നാം കാണുകയും കേൾക്കുകയും ചെയ്യുന്നു. മാധ്യമങ്ങളിൽ അധികവും കാണാനും കേൾക്കാനും വായിക്കുവാനും സാധിക്കുന്നത് നമ്മിൽ സത്ചിന്തകളും നല്ല സ്വപ്നങ്ങളും ദൈവ വിചാരവും ഉണ്ടാകുന്ന കാര്യങ്ങൾ അല്ല. നിരാശയിലേക്കും ഭയത്തിലേക്കും വെറുപ്പിലേക്കും നാനാതരം ആസക്തികളിലേക്കും തിരിച്ചുവിടുവാൻ പര്യാപ്തമായ കാര്യങ്ങൾ ആണ്. ഇതെല്ലാം കണ്ടും കേട്ടും വായിച്ചും ദുഷിച്ചുപോകുന്നവരും ധാരാളമാണ്.

ഇരുട്ടിനെ പഴിക്കുക മാത്രം ചെയ്യുന്നതിനു പകരം ഒരു മെഴുകുതിരി കത്തിക്കുന്നതാണ്. കൂടുതൽ ഫലപ്രദം എന്ന് നമ്മൾ കേട്ടിരിക്കുന്നതാണല്ലോ. ദുഷിപ്പിക്കുന്ന മാധ്യമങ്ങളെ കുറ്റം പറയുക മാത്രം ചെയ്യാതെ, കാണാനും കേൾക്കാനും വായിക്കുവാനും നല്ലത് പകർന്നുകൊടുക്കാനും സാധിക്കണം. ഇതാണ് ക്രൈസ്തവ മാധ്യമ ശുശ്രൂഷകളിലൂടെ നാം ചെയ്യുന്നത്. ഭാഗ്യവശാൽ അത്തരം ധാരാളം മാധ്യമങ്ങൾ നമുക്ക് ഉണ്ട്. വചനോത്സവത്തിലെ നായ്ക്കംപറമ്പിൽ അച്ചന്റെയും പനയ്ക്കൽ അച്ചന്റെയും ചെറിയ വെളിയച്ചന്റെയും മറ്റും ലേഖനങ്ങളും ശാലോം പ്രസിദ്ധീകരണങ്ങളിലെ ബെന്നി പുന്നത്തറ സാറിന്റെ ലേഖനങ്ങളും കെയ്റോസിൽ വന്ന നിരവധി ലേഖനങ്ങളും ശാലോം ടെലിവിഷൻ ചാനലും ഇതര പ്രസിദ്ധീകരണങ്ങളും എഴുത്തുകാരും വഴി എന്തുമാത്രം നന്മ ഉണ്ടായിരിക്കുന്നു. എത്ര പേർ മാനസാന്തരപ്പെട്ടിരിക്കുന്നു. എത്ര പേർ പാപവഴികൾ ഉപേക്ഷിച്ചിരിക്കുന്നു. എത്ര പേർ ആഴമായ വിശ്വാസത്തിലേക്കും ദൈവസ്നേഹത്തിലേക്കും പരോപകാര പ്രവൃത്തികളിലേക്കും വളർന്നിരിക്കുന്നു. എത്രമാത്രം വഴി തെറ്റിപ്പോയവരും പോകാവുന്നവരുമായിരുന്ന യുവജനങ്ങൾ യേശുവിന്റെ സ്വന്തമായി തീർന്നിരിക്കുന്നു. അറിയപ്പെടുന്ന കത്തോലിക്കാ എഴുത്തുകാർ മുതൽ സ്വന്തം ജീവിതാനുഭവം പങ്കുവച്ച വ്യക്തികൾ വരെയുള്ളവരുടെ രചനകൾ അന്ധകാരത്തിൽ കൊളുത്തിയ മെഴുകുതിരിപോലെ മാധ്യമങ്ങളിലൂടെ പടരുന്ന തിന്മയ്ക്ക് എതിരെയുള്ള ചെറുത്തുനിൽപ്പുകൾ ആയി മാറി എന്ന സത്യം നമുക്ക് ഓർക്കാം. കത്തോലിക്കാ മാധ്യമങ്ങളിലൂടെ തിന്മയ്ക്കെതിരെ പട പൊരുതുവാൻ നമുക്ക് ശ്രമിക്കാം. എഴുതിയും വായിച്ചും വായിപ്പിച്ചും ദൃശ്യമാധ്യമങ്ങൾ വഴിയുമെല്ലാം ഈ യുദ്ധം തുടരണം. അറിഞ്ഞോ അറിയാതെയോ അനേകരെ അത് നന്മയിലേക്ക് സ്വാധീനിക്കും ■

# കെയ്റോസ് നൈറ്റ് വിജിൽ

ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ. നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ. മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ 6 മണി മുതൽ 12 മണി വരെ. കെയ്റോസ് വായനക്കാരെയും നേരിട്ടോ, അല്ലാതെയോ, കെയ്റോസ് വിജിലിൽ പങ്കുചേരാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. വിശദാംശങ്ങൾക്കായി വിളിക്കുക. ജാൻസൺ അറയ്ക്കൽ, മൊബൈൽ: 9847538140. പ്രാർഥനാവശ്യങ്ങൾ അറിയിക്കാൻ വിളിക്കുക/ഈമെയിൽ അയക്കുക: kairosnightvigil@gmail.com

## കെയ്റോസ് സുഹൃത്തുക്കൾ (FRIENDS OF KAIROS)

പതിനായിരക്കണക്കിന് യുവജനങ്ങളുടെ ജീവിതങ്ങളിൽ നന്മയുടെ ചൈതന്യം പടർത്തി, ദൈവരാജ്യത്തെ വിലപ്പെട്ട ശുശ്രൂഷകരായി അവരെ മാറ്റിത്തീർക്കുന്ന ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിലാണ് കെയ്റോസ് മാസിക പ്രസിദ്ധീകരിക്കുന്നത്. എല്ലാ മേഖലകളിലുമുള്ള യുവജന ജീവിതത്തിൽ സ്വാധീനമാകുക എന്ന ലക്ഷ്യത്തോടെയുള്ള മാധ്യമ ശുശ്രൂഷയാണിത്. ചിലവുകൾ കുതിച്ചുയരുന്ന ഇക്കാലഘട്ടത്തിൽ അനേകരുടെ കരുതലും സ്നേഹവുമാണ് കെയ്റോസിനെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നത്. ഇത്തരത്തിൽ കെയ്റോസ് മാസികയെ സാമ്പത്തികമായി സഹായിക്കുന്നവരുടെ കൂട്ടായ്മയാണ് കെയ്റോസ് സുഹൃത്തുക്കൾ (Friends of Kairos) എന്ന പേരിൽ അറിയപ്പെടുന്നത്. 200 രൂപാമുതൽ 500, 1000 എന്നിങ്ങനെ വിവിധ തുകകൾ നൽകി, ഓരോ മാസവും കെയ്റോസിനെ സഹായിക്കുന്നവരെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടിയാണ് ഞങ്ങൾ സ്മരിക്കുന്നത്. കെയ്റോസിലൂടെ നടക്കുന്ന യുവജന ശുശ്രൂഷയെ സാമ്പത്തികമായി സഹായിക്കാൻ കെയ്റോസിന്റെ ഓരോ വായനക്കാരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

വിശദാംശങ്ങൾക്കായി ബന്ധപ്പെടുക: കെയ്റോസ്, HMT Colony P.O., എറണാകുളം - 683 503
Email: kairosmag@gmail.com Phone: 94479 26098 (ടോമി തോട്ടുങ്കൽ)


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/1207 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 15.00 |
| Printer & Publisher | : | Reji J.Karott |
| Nationality | : | Indian |
| Address | : | Kairos, Emmaus, HMT Colony PO, Ernakulam-683503 |
| Editors Name | : | Chackochan Njavallil |
| Nationality | : | Indian |
| Address | : | Kairos, Emmaus, HMT Colony PO, Ernakulam-683503 |
| Owners Name | : | Kairos Trust, Chevayur.P.O, Kozhikode |

I Reji.J.Karott here by declare that the particular given above are true to the best of my knowledge and belief

ഡോ. സൂസി ജോസ്





# ഇല്ല, വഴിതെറ്റില്ല

കേരളത്തിനു വെളിയിൽ ഉന്നത വിദ്യാഭ്യാസത്തിനു പോകണം എന്നാഗ്രഹമുണ്ട്. എന്നാൽ അവിടുത്തെ അന്തരീക്ഷത്തിൽ എനിക്ക് സ്വയം നിയന്ത്രിച്ച്, പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ടുപോകാനാവുമോ എന്ന സംശയമുണ്ട്. അല്ലെങ്കിൽ അധ:പതനത്തിന്റെ പാതയിലേക്ക് യാത്ര ചെയ്തുപോയേക്കുമോ എന്ന ഭയമാണെനിക്ക്. മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന ഒരു സ്ഥാപനത്തിൽ പഠിക്കണം എന്ന മോഹം ഇതുകാരണം സഫലമാകാതെ വരുമോ?

ജെറമിയ 29:11 പറയുന്നു കർത്താവ് അരുൾ ചെയ്യുന്നു നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണത്. ആ പദ്ധതിയിലേക്ക് നിങ്ങളെത്തന്നെ സ്വയം ചേർത്തുവയ്ക്കുക. ആ ശബ്ദത്തിനായി കാതോർക്കുക. പിന്നീട് ഭയപ്പാടെന്തിന്? നാശകരമായ ആന്തരികവും ബാഹ്യവുമായ ശക്തികൾക്കെതിരെ സ്വയം പ്രതിരോധിക്കാനുള്ള ആയുധമാണ് സ്നേഹം. അതിൽ ദൈവസ്നേഹവും, പരസ്നേഹവും, മാതാപിതാക്കളോടും കുടുംബത്തോടും സമൂഹത്തോടുമുള്ള സ്നേഹവും ഉൾപ്പെടും. അസന്മാർഗികതയിൽ നിന്ന് ഒഴിഞ്ഞുമാറി നടക്കാൻ അപാരമായ മനോധൈര്യം കൂടിയേ തീരൂ. നമുക്കുചുറ്റും പ്രലോഭനങ്ങളുടെ വലയം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അസാമാന്യമായ മനോബലത്തോടെ വ്യാപരിക്കാൻ ദൈവ കൃപ കൂടിയേ തീരൂ. ഓരോരുത്തരും സ്വന്തം ശരീരവും മനസ്സും വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടവരാണെന്ന അവബോധം ഉള്ള ഒരാൾക്ക് എത്ര കഠിനമായ പ്രലോഭനത്തിലും സ്വന്തം മൂല്യങ്ങളിൽ നിന്നു വ്യതിചലിക്കാനാവില്ല. അതുപോലെ തന്നെ നൈമിഷിക സുഖങ്ങൾക്കു പിന്നാലെ പായുമ്പോൾ ഓർമിക്കേണ്ട ഒരു കാര്യമുണ്ട്. നിമിഷത്തിൽ മേലുള്ള നമ്മുടെ ആധിപത്യം ജീവിതത്തിൻമേലുള്ള ആധിപത്യമാണെന്ന്. നമുക്ക് നമ്മളെത്തന്നെ നിയന്ത്രിക്കാനുള്ള അപരിമേയമായ കഴിവുകൾ നമ്മുടെ ഉള്ളിൽത്തന്നെ നിറച്ചാണ് സ്രഷ്ടാവ് നമ്മളെ ഭൂമിയിലേയ്ക്ക് അയച്ചിരിക്കുന്നത്. സ്രഷ്ടാവിനോട് പ്രാർഥനയിലൂടെ ചേർന്ന് ജീവിതയാത്ര നടത്തുമ്പോൾ മനസ്സാക്ഷിക്ക് നിരക്കാത്തതും ദൈവത്തിനും കുടുംബത്തിനും സമൂഹത്തിനും അഹിതമായതും ചെയ്യാനിടയാവുകയില്ല.

കേരളത്തിനു വെളിയിലുള്ള എല്ലാ സ്ഥാപനങ്ങളും മോശമാണെന്ന ധാരണ ശരിയല്ല. ഉത്കൃഷ്ടമായ മൂല്യബോധവും ധാർമികതയും പുലർത്തുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. അത്തരം സ്ഥാപനങ്ങൾ മുതിർന്നവരുടെയും വിദ്യാഭ്യാസ മേഖലയിൽ വിദഗ്ധരായവരുടെയും സഹായത്തോടെ കണ്ടെത്തുക. കേരളത്തിലായാലും മെച്ചപ്പെട്ട സ്ഥാപനങ്ങൾ ഉണ്ടെന്നുള്ള കാര്യം മറക്കേണ്ട. ഇവിടെയാകുമ്പോൾ സാമ്പത്തിക ബാധ്യതകൾ അധികമില്ലാതെ ഉപരി പഠനം പൂർത്തിയാക്കാൻ സാധിച്ചേക്കും. അത്തരം സാധ്യതയും തള്ളിക്കളയേണ്ടതില്ല. എവിടെയായാലും നമുക്ക് ചുറ്റും ഒരു സുരക്ഷാവലയം തീർക്കേണ്ടത് നമ്മൾതന്നെയാണെന്ന വിചാരം നമുക്കുണ്ടാവണം. ലക്ഷമണരേഖ വരയ്ക്കുക എന്നൊരു ചൊല്ല് നമ്മുടെ നാട്ടിൽ വളരെ പ്രചാരത്തിലുള്ള ഒന്നാണ്. തനിക്ക് ചുറ്റും ഒരു നിയന്ത്രണ രേഖ തീർക്കുക എന്നതാണതിന്റെ സാരാംശം. ആ പരിധികടന്നാൽ അശുഭമായത് സംഭവിക്കാനുള്ള സാധ്യതയാണത് വ്യക്തമാക്കുന്നത്. നമ്മുടെ ചിന്തകളും പ്രവൃത്തികളും നമ്മുടെ നിയന്ത്രണപരിധിയിൽ ആയിരിക്കണം. ഏതു സാഹചര്യത്തിൽ ചെന്നുപെട്ടാലും നമുക്ക് ജന്മം നൽകിവളർത്തി വലുതാക്കിയ നമ്മുടെ മാതാപിതാക്കളുടെ മുഖം മനസ്സിലുണ്ടാവണം. അപ്പോൾ ജീവിതത്തെ യാഥാർഥ്യബോധത്തോടെ നേരിടാനാകും. മാതാപിതാക്കളുടെ തലമുറയേക്കാൾ എല്ലാ വിധത്തിലും മെച്ചപ്പെട്ട ജീവിത നിലവാരത്തിൽ എത്താൻ ഇന്നത്തെ തലമുറയ്ക്കാകും. അതിനുള്ള എല്ലാ അവസരങ്ങളും പരമാവധി പ്രയോജനപ്പെടുത്തുക. കാലഘട്ടത്തിന്റെ വെല്ലുവിളികളും പ്രലോഭനങ്ങളുമെക്കെ അവയുടെ വഴിക്ക് പോകട്ടെ, പ്രാർഥനയുടെ ശക്തി താങ്ങും തുണയുമാകട്ടെ.

ആശംസകളോടെ സൂസിചേച്ചി.



## കവർസ്റ്റോറി

ശശി ഇമ്മാനുവേൽ

# എന്റെ കുമ്പസാരക്കൂടിന്



ആംഗ്ലിക്കൻ സഭയിലെ പ്രമുഖ വൈദികനും, പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ 4000 പവനിലധികം ശമ്പളം കൈപ്പറ്റിയിരുന്ന പണ്ഡിതനും എഴുത്തുകാരനുമൊക്കെയായിരുന്നു ജോൺ ഹെൻട്രി ന്യൂമാൻ. എല്ലാവരേയും ഞെട്ടിച്ചു കൊണ്ട് ആംഗ്ലിക്കൻ സഭ വിട്ട് പിന്നീട് അദ്ദേഹം കത്തോലിക്കാ സഭയിൽ അംഗമായപ്പോൾ മാധ്യമലോകം അദ്ദേഹത്തോട് ചോദിച്ചു എന്തിന് ഈ മാറ്റം? പിന്നീട് കത്തോലിക്കാ സഭയിലെ കർദിനാൾ പദവിയിലും, ഇപ്പോൾ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കും ഉയർത്തപ്പെട്ട അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നത്രേ: 'അമ്മയില്ലാത്ത ഒരു സഭയിൽ നിന്ന് അമ്മയുള്ള ഒരു സഭയിലേക്ക് ഞാൻ പോകുന്നു, ഒപ്പം കത്തോലിക്കാ സഭയുടെ കുമ്പസാരക്കൂട്ടിൽ എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞപ്പോൾ ലഭിച്ച മാനസികാശ്വാസം ഭൂമിയിൽ മറ്റൊന്നിനും തരാനാവാത്ത അത്രയും വലുതുമാണ്'.

ഒരുപാട് ധ്യാനമാവശ്യപ്പെടുന്ന ഒരു കൂദാശ, അതിപരിചയത്വം കൊണ്ടും, ഒരുക്കമില്ലാതെ സമീപിക്കുന്നതുകൊണ്ടും ഇന്ന് നമുക്ക് അനുഭവമാകാതെ പോകുകയാണ്. ഒരാൾ തന്റെ എല്ലാ വീഴ്ചകളും മറകൂടാതെ തുറന്നു വച്ചിട്ടും എണ്ണിയെണ്ണി ഏറ്റുപറഞ്ഞിട്ടും ഭൂമിയിലെ ഒരിടം മാത്രം അയാളെ വിധിക്കുന്നില്ല, മുൻ വിധിയോടെ പിന്നീട് നോക്കുന്നില്ല, എന്തിന് കുറ്റപ്പെടുത്താതെ സൗമ്യമായ ശാന്തതയോടെ സമാശ്വസിപ്പിച്ച്, യാത്രയാക്കുന്നു പുതിയ ആത്മവിശ്വാസത്തോടെ വീണ്ടും ഒരു വിശുദ്ധ ജീവിതത്തിലേക്ക്. മലയാളത്തിലെ മനോഹരങ്ങളായ ഒത്തിരി ക്രൈസ്തവ ഗ്രന്ഥങ്ങളുടെ രചയിതാവ് തന്റെ പ്രശസ്തമായ പുസ്തകം സമർപ്പിക്കുന്നതിങ്ങനെയാണ്, എല്ലാം പൊറുക്കുന്ന എല്ലാം അറിയുന്ന, ഒരു മാത്രപോലും ലജ്ജിക്കാനനുവദിക്കാത്ത എന്റെ കുമ്പസാരക്കൂടിന്...

ഒരിക്കൽ, ദീർഘകാലമായി കുമ്പസാരിക്കാത്ത ഒരു യുവാവ് ഒരു ധ്യാനത്തിനിടയിൽ അരമണിക്കൂറിലധികം കുമ്പസാരക്കൂട്ടിൽ ചെലവഴിച്ച് അനേക വർഷങ്ങളുടെ തന്റെ മാനസികവ്യഥകൾ, പാപജീവിതം ഏറ്റു പറഞ്ഞു പുറത്തു വന്നപ്പോൾ ആത്മാർഥ സുഹൃത്തായ ഒരാൾ പറഞ്ഞത് ഇപ്രകാരമായിരുന്നു സുഹൃത്തേ, നിന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിക്കുന്നു. പിന്നീടിയാൾ പറഞ്ഞു ഒരിക്കലും എന്റെ പെറ്റമ്മപോലും പറയാത്ത ഒരു വാചകമായിരുന്നു എന്റെ ആത്മാർഥമായ ഏറ്റുപറച്ചിലിന് ശേഷം ആ സ്നേഹിതൻ പറഞ്ഞത്. കുമ്പസാരകൂട് ഒരു ബത്സെയ്ഥാ കുളക്കടവുതന്നെയാണ്, ഒരിക്കലെങ്കിലും ദാഹത്തോടെ സ്നാ

നം ചെയ്യപ്പെടണം എങ്കിൽ മാത്രമേ ഇസ്രയേലിലെ ആ പഴയ കവിയോടുചേർന്ന് 'അതിക്രമങ്ങൾക്ക് മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവനാണ് ഭൂമിയിലെ ഏറ്റവും വലിയ ഭാഗ്യവാൻ എന്നു പാടാനാവുകയുള്ളൂ' (സങ്കീ.32). കഴിയുമെങ്കിൽ ദാവീദിന്റെ 51-ാം സങ്കീർത്തനം ഒന്നു കൂടെ ധ്യാനാത്മകമായി വായിച്ചെടുക്കൂ, ഭൂമിയിലെ ഏറ്റവും മനോഹരമായ ധ്യാനഗീതം തന്നെയാണത്.

ക്രൈസ്തവ ബിംബങ്ങളെ അകലെ നിന്നു ധ്യാനിച്ച പ്രശസ്ത സാഹിത്യകാരൻ ഇങ്ങനെയാണ് കുമ്പസാരക്കൂടിനെ വ്യാഖ്യാനിച്ചത് 'ദൈവവും മനുഷ്യനും പരസ്പരം കണ്ടുമുട്ടി സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുന്ന സ്ഥലമല്ലാതെ മറ്റെന്താണ് കുമ്പസാരക്കൂട്.' പക്ഷേ, നമ്മുടെ കുമ്പസാരങ്ങൾക്ക് ആഴമില്ലാതെ പോകുന്നതും, അത് തിടുക്കത്തിൽ അവസാനിപ്പിച്ചു പഴയ പാപവഴികളിലേക്ക് തന്നെ നാം മടങ്ങിപ്പോകുന്നതുമെന്തുകൊണ്ടാണ്? യുവജനങ്ങളുടെ പ്രിയപ്പെട്ട പാപ്പ 'ജോൺപോൾ രണ്ടാമന്റെ വാക്കുകൾ തന്നെയാണ് ഉത്തരം. ആധുനിക കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രശ്നം പാപബോധമില്ലായ്മയാണ്.' ഒരിക്കൽ ഒരാൾ പറഞ്ഞു മത്തായി കള്ളും കുടിക്കും, പെണ്ണും പിടിക്കും. പക്ഷേ, മനസ്സാക്ഷി വിട്ടു ജീവിച്ചിട്ടില്ല. പ്രശ്നം ഇത്തരം മനസ്സാക്ഷിതന്നെയാണ്. കുമ്പസാരിക്കാൻ പാപമില്ലാതാകുന്ന അതിപരിശുദ്ധരുടെ എണ്ണം സഭയിൽ വർധിക്കുമ്പോൾ ഓർക്കണം ദാരുണമായ വിവാഹമോചനങ്ങളും, ഗർഭഛിദ്രങ്ങളും ആത്മഹത്യകളും ക്രൈസ്തവരുടെ ഇടയിൽ അതിഭീകരമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. ഒരിക്കൽ ഒരു മിസ്റ്റിക്കായ വനിത തന്റെ സ്നേഹിതയെ കുമ്പസാരക്കൂട്ടിലേക്ക് വിട്ടിട്ട് തൊട്ടടുത്ത മുറിയിൽ പ്രാർഥിക്കുകയായിരുന്നു. വലിയ ചങ്ങലക്കിലുക്കങ്ങളും അലർച്ചയും ഒരു ദർശനത്തിൽ അനുഭവപ്പെട്ട അവർ കുമ്പസാരം നടക്കുന്നിടത്തേക്ക് നോക്കിയപ്പോൾ തിന്മയുടെ ശക്തികൾ വർഷങ്ങളായി കുമ്പസാരമില്ലാത്ത ഒരാത്മാവിൽ നിന്ന് ഏറ്റുപറച്ചിലിന്റെ വിശുദ്ധ നിമിഷങ്ങളിൽ വലിച്ചെറിയപ്പെടുന്ന കാഴ്ചയായിരുന്നു. യോഹന്നാൻ ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിക്കൂ. പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവനാണ് (1 യോഹ 3:8)'

കുമ്പസാരിക്കാനുള്ള പ്രതിബന്ധങ്ങളുടെ കാരണവും, ന്യായീകരണത്തിന്റെ സുഖവുമൊക്കെ ശത്രുവായ പിശാചിൽ നിന്നുള്ള തന്ത്രങ്ങൾ തന്നെയെന്നു ചുരുക്കം. ഡൽഹിയിലെ കൂട്ടമാനഭംഗവും, കേരളത്തിലെ വിദ്യാർഥികൾക്കിടയിൽപ്പോലും പ്രബലപ്പെടുന്ന ലൈംഗിക വൈകൃതങ്ങളും പാപബോധം നഷ്ടപ്പെടുകയും കുറ്റബോധത്താൽ തെറ്റിൽ നിന്നു തെറ്റിലേക്ക് വഴുതിമാറി നശിക്കുകയും ഒരു തലമുറയുടെ ചിത്രം വരച്ചു കാണിക്കുന്നു. ഇവിടെ പാപത്തെ പാപമെന്നു വിളിക്കാനുള്ള സമയമായി.

ആദ്യകാല ജീസസ് യൂത്ത് ധ്യാനങ്ങൾക്കിടയിൽ കുമ്പസാരം കേൾക്കാൻ വരുന്ന വൈദികരുടെ സാക്ഷ്യം ഇതായിരുന്നു: ഈ യുവജനങ്ങളുടെ ആത്മാർഥമായ കുമ്പസാരം ഞങ്ങളുടെ വൈദിക ജീവിതത്തിനു പ്രചോദനവും, വിശുദ്ധീകരണവും നൽകുന്നു. ചെറിയ കാര്യങ്ങളിൽപ്പോലും വിശ്വസ്തയും നോട്ടത്തിലും, ബന്ധങ്ങളിലും വിശുദ്ധിയുടെ കൈയൊപ്പും അന്ന് ജീസസ് യൂത്തിനെ അനുധാവനം ചെയ്തിരുന്നു. അന്നത്തെ മനോഹരമായ ഒരു ഗാനം കുമ്പസാരസയത്ത് കേൾക്കാമായിരുന്നു പശ്ചാത്തപിക്കുവിൻ പാപം പരിവർജ്ജിച്ചീടുവിൻ, പാപത്താലേ തകർന്ന ജീവിതമോർത്തുകരഞ്ഞീടുവിൻ, നിങ്ങൾ പശ്ചാത്തപിക്കുവിൻ.

ഒരു കുമ്പസാരക്കൂടെങ്കിലും നിങ്ങളെ കരയിച്ചിട്ടില്ലെങ്കിൽ, ആത്മാർഥമായ ഒരു പാപസങ്കീർത്തനത്തിനായി ഒരുങ്ങണം, അർഹിക്കാത്ത കാരുണ്യത്തിന്റെ വിരുന്നൊരുക്കി ഓരോ കുമ്പസാരക്കൂട്ടിലും ക്രൂശിതനായ യേശുവിന്റെ സാന്നിധ്യമുണ്ട്. കുറച്ചു നാൾ മുൻപ് ഒരിക്കൽ ജപമാല പ്രാർഥന കഴിഞ്ഞ് ചാപ്പലിൽ നിന്നു പുറത്തു വരുമ്പോൾ അക്രൈസ്തവയായ ഒരു സുഹൃത്ത് ചോദിച്ചു ഇത്രമാത്രം പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്നു ചൊല്ലുന്നതെന്തിനാണ്, ഇത്രയധികം പാപം ചെയ്യുന്നുണ്ടോ? 'ദാവീദിന്റെ വചനമാണ് ഓർമയിൽ വന്നത് അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിൽ എന്റെ രഹസ്യ പാപങ്ങൾ വെളിവാകുന്നു' (സങ്കീ. 90:8). പൂർണനായവനെ കണ്ടു മുട്ടുമ്പോൾ മാത്രമേ നമ്മുടെ അപൂർണതകൾ നമ്മൾ തിരിച്ചറിയുകയും ഏറ്റുപറയുകയും ചെയ്യുകയുള്ളൂ എന്നു ചുരുക്കം. സുഹൃത്തിനു മറുപടി നൽകിയെങ്കിലും ക്രിസ്തുവിനെ കണ്ടുമുട്ടുവോളം പാപബോധത്തിന്റെ ആഴവും പശ്ചാത്താപത്തിന്റെ മാധുര്യവും പലർക്കും അനുഭവവേദ്യമാകില്ലെന്ന് തിരിച്ചറിയുകയായിരുന്നു. ഓർക്കുക, എവിടെയോ ഒരു കുമ്പസാരക്കൂട്ടിൽ നിങ്ങളെ കാത്തിരിക്കുന്നുണ്ടാകും കരുണയുടെ തമ്പുരാൻ, ഒന്നു കുമ്പസാരിച്ചാലോ? ■

**ഇത്രമാത്രം, പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്നു ചൊല്ലുന്നതെന്തിനാണ്, ഇത്രയധികം പാപം ചെയ്യുന്നുണ്ടോ?**



**അനുഭവം**

മനോജ് സണ്ണി

# ബെനഡിക്ട് പാപ്പാ വിടവാങ്ങുമ്പോൾ

**പുതുവഴികളിലൂടെ**

ചരിത്രത്തിൽതന്നെ ഏറ്റവും അപൂർവമായി സംഭവിക്കുന്ന ഒരു വാർത്തയാണ് കഴിഞ്ഞ ദിവസം കേട്ടത്. ലോകത്തിലെ ഏറ്റവും വലിയ ആത്മീയ ഇടയൻ സ്ഥാനത്യാഗം ചെയ്യുന്നു. പ്രായാധിക്യവും ആരോഗ്യപ്രശ്നങ്ങളും മൂലം സ്ഥാനമൊഴിയുന്ന ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ തീരുമാനത്തെക്കുറിച്ച് ലോകമെങ്ങും ചർച്ചകൾ നടക്കുകയാണ്.

പ്രത്യേകം ക്ഷണിക്കപ്പെട്ടവരുടെ ഗ്രൂപ്പിൽ അംഗമായി നാലുതവണ ബെനഡിക്ട് 16-ാമൻ മാർപാപ്പയോടൊപ്പമുള്ള ചർച്ചകളിൽ പങ്കെടുക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഒട്ടേറെ തവണ പിതാവ് പങ്കെടുത്ത സമ്മേളനങ്ങളിലും ചടങ്ങുകളിലും പങ്കെടുത്തിട്ടുമുണ്ട്. മുൻഗാമിയായ ജോൺപോൾ രണ്ടാമൻ മാർപാപ്പയെക്കാൾ വളരെ വ്യത്യസ്തമായ പ്രകൃതമാണ് ബെനഡിക്ട് പാപ്പായുടേത്. ചടങ്ങുകളിലും മറ്റും അധികനേരവും തലകുനിച്ചിരിക്കുകയായിരിക്കും. 2012-ലെ മെത്രാൻ സിനഡിൽവച്ച് അദ്ദേഹം തലയുയർത്തുന്നതും നോക്കിയിരുന്ന ഫോട്ടോഗ്രഫർമാർ കൗതുകമുണർത്തിയിരുന്നു, മുഖമൊന്നുയർന്നാൽ അനേകം ഫ്ളാഷുകൾ മിന്നുകയായി. അടുത്തൊരു നല്ല പടത്തിനായി അവർക്കു വീണ്ടും കാത്തിരിക്കണം.

### വാക്കിൽ നിറയുന്നത് ആധികാരികത

ആളുകളെ അധികം വ്യക്തിപരമായി കണ്ടു സംസാരിക്കുന്ന രീതിയല്ല ബെനഡിക്ട് പാപ്പായുടേത്. പൊതുവേദിയിൽ സംസാരിക്കുകയാണെങ്കിലും ആധികാരികമായ പഠിപ്പിക്കലായിരിക്കും അദ്ദേഹത്തിൽ നിന്നുണ്ടാകുക. അതിനാലായിരിക്കണം മാസ്റ്റർ ടീച്ചർ എന്ന വിശേഷണമാണ് പാപ്പായ്ക്ക് വത്തിക്കാനിലുള്ളത്. സിനഡിന്റെ സമയത്ത് ഉയർന്നുകേട്ട ഒരു തമാശയും ഇതുമായി ബന്ധമുള്ളതാണ്. ജോൺ പോൾ മാർപാപ്പ വൈദികനായില്ലായിരുന്നെങ്കിൽ ഒരു നടനാകുമായിരുന്നു, ബെനഡിക്ട് പാപ്പാ ഒരു കോളജ് പ്രഫസറും.

പിതാവിന്റെ ആധികാരികമായ സംസാരം കാലഘട്ടത്തിന്റെ ഒരു ദൗത്യമായി വേണം കരുതാൻ. കാരണം ശാസ്ത്രം, വിശ്വാസം, ജീവകാരുണ്യം, ധാർമികത തുടങ്ങിയ വിഷയങ്ങളിൽ സഭയുടെ നിലപാട് ഏറ്റവും വ്യക്തവും കൃത്യവുമായി ഉറപ്പിച്ചുപറയാൻ അദ്ദേഹത്തിനു സാധിച്ചു. കൂടാതെ ഇതര ക്രിസ്ത്യൻ വിഭാഗങ്ങളുമായും അക്രൈസ്തവരുമായും ഫലപ്രദമായ ആശയവിനിമയത്തിനും പിതാവ് ഇറങ്ങിപ്പുറപ്പെട്ടു.

ബെനഡിക്ട് പാപ്പായുടെ എഴുത്തിലും പ്രസംഗങ്ങളിലുമെല്ലാം നിറഞ്ഞുനിന്നത് വിശ്വാസവും ജീവകാരുണ്യവുമാണെന്ന് തോന്നുന്നു. വിശ്വാസവും ജീവകാരുണ്യവും സഭയെ സംബന്ധിച്ച് രണ്ടുകാര്യങ്ങളല്ലെന്നും ഒന്നിച്ചുപോകേണ്ടവയാണെന്നും ഇത്തവണത്തെ നോമ്പുകാല വിചിന്തനത്തിൽ പോലും പിതാവ് പറഞ്ഞുവയ്ക്കുന്നുണ്ട്.

### നയിച്ചത് പ്രതിസന്ധികളുടെ കാലഘട്ടത്തെ

സിനഡിന്റെ സമയങ്ങളിലെല്ലാം ശാരീരികമായി വളരെ ക്ഷീണിതനായാണ് അദ്ദേഹം കാണപ്പെട്ടത്. വടികുത്തിപ്പിടിച്ചും മറ്റുള്ളവരുടെ സഹായത്തോടെയുമായിരുന്നു നടന്നി

രുന്നത്. സ്ഥാനമൊഴിയാനുള്ള തയാറെടുപ്പുകൾ നേരത്തെ തുടങ്ങിയിരുന്നു എന്നുവേണം കരുതാൻ. പതിമൂന്നാം നൂറ്റാണ്ടിലെ പോപ്പായിരുന്ന വി. സെലസ്റ്റിൻ അഞ്ചാമന്റെ കബറിടത്തിൽ ബെനഡിക്ട് പാപ്പാ 2009-ൽ പ്രാർഥിക്കാനെത്തിയതും റോം ബിഷപ്പിന്റെ സ്ഥാനചിഹ്നമായ പാലിയം അവിടെ വച്ചുപോന്നതുമെല്ലാം ശ്രദ്ധിക്കപ്പെട്ടിരുന്നു. സെലസ്റ്റിൻ അഞ്ചാമൻ സ്ഥാനമേറ്റ് അഞ്ചുമാസം കഴിഞ്ഞ് രാജിവച്ചയാളാണ്. മാർപാപ്പമാർക്ക് വിവിധ കാരണങ്ങളാൽ സ്ഥാനമൊഴിയാം എന്ന വ്യവസ്ഥ കൊണ്ടുവന്നതും അദ്ദേഹമാണ്. വി. സെലസ്റ്റിന്റെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന റോമിലെ പള്ളിയിൽ 2010-ൽ ബെനഡികിട് പാപ്പാ സന്ദർശനം നടത്തുകയും ചെയ്തിരുന്നു. ഇതെല്ലാം വി. സെലസ്റ്റിന്റെ പാത പിൻതുടരുന്നതിനുള്ള മുന്നൊരുക്കങ്ങളായിരുന്നെന്ന് കരുതുന്നവരുണ്ട്.

എന്തായാലും പ്രതിസന്ധികളുടെ കാലഘട്ടത്തിലാണ് ബെനഡിക്ട് പതിനാറാമൻ സഭയെ നയിച്ചത്. ക്രൈസ്തവ ധാർമികതയെ സംബന്ധിച്ച ചോദ്യങ്ങൾ ഉയർന്ന, ലോകത്തെ മതരാഹിത്യത്തിലേക്കുനയിക്കാനുള്ള ശ്രമങ്ങൾ ശക്തിപ്രാപിച്ച, സ്വവർഗ വിവാഹം പോലുള്ള കാര്യങ്ങൾക്ക് വലിയ പ്രചാരംലഭിച്ചസമയം.പുരോഹിതരുടെബാലപീഡനം പോലുള്ള പ്രശ്നങ്ങളിൽ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് ഒന്നിലേറെ



തവണ ലോകത്തോടു മാപ്പുപറയേണ്ടിവന്നു.

ഇതിനെല്ലാം ശേഷം സഭയെ നവ സുവിശേഷവൽക്കരണം എന്ന പുതിയൊരു വസന്തത്തിലേക്ക് കൈപിടിച്ചുകയറ്റിയിട്ടാണ് മാർപാപ്പ പടിയിറങ്ങുന്നത്. പുതിയ കാലത്തെ വിശ്വാസകൈമാറ്റത്തെപ്പറ്റി വളരെ ക്രീയാത്മകമായ ദർശനങ്ങളും അദ്ദേഹം സമ്മാനിച്ചു.

### മുന്നേറ്റങ്ങളെ സ്നേഹിച്ച പിതാവ്

സഭയിലെ മുന്നേറ്റങ്ങളെ ഏറ്റവും കൂടുതൽ പ്രോൽസാഹിപ്പിച്ച പാപ്പായും ബെനഡിക്ട് പതിനാറാമൻ തന്നെയാണ്. 2006-ലെ പെന്തക്കോസ്ത് ദിനത്തിൽ ന്യൂ എക്ളേസ്യൽ മൂവ്മെന്റുകളുടെ ആഗോള സമ്മേളനം വിളിച്ചിരുന്നു. 3.5 ലക്ഷം പേരാണ് പങ്കെടുത്തത്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയായതിനുശേഷം വിളിച്ചുചേർത്ത ആദ്യത്തെ വലിയ സമ്മേളനവും ഇതുതന്നെയായിരുന്നു.

സഭയിലെ മുന്നേറ്റങ്ങളെ പ്രത്യാശയുടെ അടയാളങ്ങളും പരിശുദ്ധാത്മാവിന്റെ സമ്മാനവുമായാണ് പാപ്പാ കണ്ടത്. കർദിനാളായിരുന്നപ്പോൾ അദ്ദേഹം രചിച്ച 'ന്യൂ ഔട്ട്പോറിങ് ഓഫ് ദ് ഹോളി സ്പിരിറ്റ്' മുന്നേറ്റങ്ങളെക്കുറിച്ച് ഏറ്റവും കൂടുതൽ റഫർ ചെയ്യപ്പെടുന്ന പുസ്തകമാണ്. ന്യൂ എക്ളേസ്യൽ മൂവ്മെന്റുകളുടെ ലോകസമ്മേളനം ഈ മേയിൽ വീണ്ടും നടക്കാനിരിക്കുകയാണ്. മുന്നേറ്റങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രാതിനിധ്യം ലഭിച്ച സിനഡായിരുന്നു കഴിഞ്ഞവർഷം നടന്നതെന്നും നിസ്സംശയം പറയാം.

ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ഏറ്റവും പ്രിയപ്പെട്ട ഒരു ഉദ്ധരണിയുണ്ട്. വിവിധ സ്ഥലങ്ങളിലായി പല വേദികളിൽ ആവർത്തിച്ച ആ വാചകം ഇതാണ്.

'If we let Christ into our lives, we lose nothing, nothing, absolutely nothing of what makes life free, beautiful and great' ■

*(ജീസസ് യൂത്തിന്റെ ആദ്യ ഇന്റർനാഷനൽ കോഓർഡിനേറ്ററായിരുന്നു മനോജ് സണ്ണി. 2012-ലെ മെത്രാൻ സിനഡിൽ അൽമായരെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഏക ഇന്ത്യക്കാരൻ)*



## ജയിക്കാൻ പഠിക്കാം

ജിന്റോ മാത്യു

# പഠിക്കാനുള്ള സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ

ശരിയായ കോഴ്സ് തിരഞ്ഞെടുക്കുന്നതുപോലെ പ്രധാനമാണ് പഠിക്കേണ്ട സ്ഥാപനം തിരഞ്ഞെടുക്കുന്നതും. മാർക്കറ്റിൽ ഒരേ വസ്തു പല ഗുണനിലവാരത്തിൽ ലഭിക്കുന്നതുപോലെ ഒരേ കോഴ്സ് പഠിപ്പിക്കുന്ന പല സ്ഥാപനങ്ങളുടെ നിലവാരവും കൂടിയും കുറഞ്ഞുമിരിക്കും. പരസ്യങ്ങളിലും മാർക്കറ്റിങ് തന്ത്രങ്ങളിലും കുടുങ്ങാതിരിക്കാൻ ശ്രദ്ധിക്കാം.

### കോളജ്, സ്കൂൾ നമുക്കെങ്ങനെയാകണം ?

നമുക്ക് എന്താണ് പ്രധാനം, ജീവിതത്തിൽ നാം ആരാകണം എന്ന രണ്ടു ചോദ്യങ്ങൾ വളരെ പ്രധാനമാണ്. ഇവയ്ക്കുള്ള ഉത്തരത്തിനനുസരിച്ചാകണം നാം തിരഞ്ഞെടുക്കുന്ന സ്ഥാപനം. കേരളത്തിൽ എവിടെയെങ്കിലും ഒരു എൻജിനീയറിങ് സ്ഥാപനത്തിൽ ജോലി വേണമെന്ന് ആഗ്രഹിക്കുന്ന ഒരാളും നാസയിൽ ശാസ്ത്രജ്ഞനാകണമെന്ന് സ്വപ്നം കാണുന്നയാളും പഠിക്കുന്ന സ്ഥാപനങ്ങൾ രണ്ടായിരിക്കും എന്നർഥം.

### തുറന്ന മനസ്സ് സൂക്ഷിക്കാം

പഠിക്കാനാഗ്രഹിക്കുന്ന സ്ഥാപനത്തെപ്പറ്റി സ്വപനങ്ങളുണ്ടാകുന്നത് നല്ലതാണ്. എന്നാൽ ചില സാധ്യതകളിൽ മാത്രം കുടുങ്ങിക്കിടക്കരുത്. കൂടുതൽ അന്വേഷിച്ചാൽ എപ്പോഴും മെച്ചപ്പെട്ട സാധ്യതകൾ കണ്ടെത്താം. വീടിനടുത്ത് നടന്നെത്താവുന്ന സ്ഥലത്ത് പഠിക്കുന്നതിൽ തെറ്റില്ല. പക്ഷേ, കൂടുതൽ നല്ല വിദ്യാഭ്യാസത്തിന് ദൂരെ പരിചയമില്ലാത്ത സ്ഥലത്ത് പോകണമെന്നു വന്നാൽ വേണ്ട എന്നു പറയരുത്. ഏതു സാഹചര്യത്തിലും ജീവിക്കാൻ തക്കവിധം നമ്മെത്തന്നെ പരിശീലിപ്പിക്കുകയാണ് വേണ്ടത്.

കോളജുകളുടെ തിരഞ്ഞെടുപ്പിൽ അവിടെ ലഭ്യമായ വിഷയങ്ങൾ, സ്ഥാപനത്തിന്റെ സൽപേര്, ഭൗതിക സൗകര്യങ്ങൾ, അക്കാദമിക് പാരമ്പര്യം, സ്ഥലം, വീട്ടിൽനിന്നുള്ള ദൂരം, പാഠ്യേതര പ്രവർത്തനങ്ങളുടെ സാധ്യത, കാംപസ് അന്തരീക്ഷം, വിശ്വാസത്തിൽ നിലനിൽക്കാനുള്ള സാധ്യത, സുരക്ഷ എന്നിവയൊക്കെ പ്രധാനമാണ്.

**പാരമ്പര്യം –** കോളജ് എന്നുതുടങ്ങി, ആരാണ് നടത്തുന്നത്? കോളജിനെക്കുറിച്ച് പൊതുവെയുള്ള അഭിപ്രായം എന്നിവയെല്ലാം പ്രധാനമാണ്. അധ്യാപകരുടെ നിലവാരം, മുൻവർഷങ്ങളിലെ റിസൽട്ട് എന്നിവയും കണക്കിലെടുക്കണം.

**കോഴ്സ് ഉള്ളടക്കം –** പലകോളജുകളിലും യൂണിവേഴ്സിറ്റികളിലും കോഴ്സ് പേരുകൾ ഒന്നാണെങ്കിലും ഉള്ളടക്കത്തിൽ കാതലായ മാറ്റങ്ങൾ ഉണ്ടാകും. ഉദാഹരണത്തിന് ഇംഗ്ലിഷ് ലിറ്ററേച്ചറും, വൊക്കേഷണൽ ഇംഗ്ലിഷും, ഇംഗ്ലിഷ് വിത്ത് ജേർണലിസവുമെല്ലാം ബി.എ. ഇംഗ്ലിഷ് എന്ന് അറിയപ്പെട്ടേക്കാം. തെറ്റുപറ്റാതിരിക്കാൻ കോഴ്സിന്റെ പേരുമാത്രമല്ല, ഉള്ളടക്കവും പരിശോധിക്കണം.

**അടിസ്ഥാന സൗകര്യങ്ങൾ –** ഓരോ കോഴ്സിനും കൃത്യമായി നിർവചിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ട്. സ്ഥാപനങ്ങളുടെ ബ്രോഷറിലും മറ്റും കാണുന്ന കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും യഥാർഥത്തിൽ ഉണ്ടാകണമെന്നില്ല. അതിനാൽ അഡ്മിഷൻ ഉറപ്പാക്കി പണമടയ്ക്കുന്നതിനു മുൻപ് നേരിട്ട് കോളജ് കണ്ടിരിക്കണം. ദൂരസ്ഥലങ്ങളിൽ പഠിക്കുമ്പോൾ കോളജ് ഹോസ്റ്റലിൽ താമസിക്കുകയായിരിക്കും നല്ലത്. ഇതിനെക്കുറിച്ചും നേരത്തെ അന്വേഷിച്ച് മനസ്സിലാക്കണം.

**പഠനച്ചെലവ് –** നമ്മുടെ ധനസ്ഥിതി പരിഗണിക്കാതെ അധികച്ചെലവുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നത് സൂക്ഷിച്ചുവേണം. ബാങ്ക് ലോൺകിട്ടുമെന്നതിനാൽ മാത്രം വലിയ കോഴ്സുള്ള സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നത് ബുദ്ധിയല്ല.

**പ്ളേസ്മെന്റ് –** പ്രഫഷനൽ കോഴ്സുകൾ പഠിക്കാനുള്ള സ്ഥാപനങ്ങളുടെ പ്ളേസ്മെന്റ് ഹിസ്റ്ററി പഠിക്കണം. കഴിഞ്ഞ കാലങ്ങളിൽ പ്ളേസ്മെന്റ് കിട്ടിയവർ, റിക്രൂട്ടിങ്ങിനെത്തുന്ന കമ്പനികൾ എന്നിവയെല്ലാം പരിശോധിക്കണം.

**അഫിലിയേഷൻ –** പഠിക്കുന്ന സ്ഥാപനങ്ങളും കോഴ്സുകളും യൂണിവേഴ്സിറ്റി അംഗീകാരമുള്ളവയാണോ എന്ന് കൃത്യമായി പരിശോധിക്കണം. വ്യാജ സ്ഥാപനങ്ങളെപ്പറ്റി ബോധവാൻമാരായിരിക്കണം. (ഈ വിഷയം കഴിഞ്ഞ ലക്കത്തിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.)

എല്ലാ മുൻകരുതലുകളും എടുക്കണമെന്ന് പറയമ്പോഴും പ്രതികൂല ഘടകങ്ങളെ ശരിയായ മനോഭാവം കൊണ്ട് നേരിട്ട് ഉന്നത വിജയം നേടിയവരുടെ ചരിത്രവും മറന്നുകൂട ■

mathewjinto@gmail.com

നീതു റോസ് ജോസ്



# പരീക്ഷ നല്ലതാണ്



പരീക്ഷ എല്ലാകാലത്തും കുറച്ച് ഭയപ്പെടുത്തുന്ന ഓർമയാണ്. സത്യത്തിൽ പരീക്ഷ നല്ലതാണ്. കാരണം, ഒരേക്ലാസ്സിൽ തന്നെ പലവർഷങ്ങൾ പഠിക്കുന്നത് ഓർത്തു നോക്കൂ, എത്ര ബോറിങ്ങാണ്? പുതിയൊരു ക്ളാസ്സിലേക്കുള്ള കടമ്പയാണല്ലോ പരീക്ഷ. അതിനാൽ പരീക്ഷയെക്കുറിച്ചോർക്കുമ്പോൾ നമുക്ക് കൂടുതൽ ഉന്മേഷവും ഉത്സാഹവും ഉള്ളവരായിരിക്കാം. ഇതിനു സഹായിക്കുന്ന ചില കാര്യങ്ങളിലേക്ക്

### നല്ലതുടക്കം

പരീക്ഷയുടെ തലേന്ന് പഠിച്ച് എഴുതുന്ന സ്വഭാവമാണെങ്കിൽ അത് ഉപേക്ഷിക്കുക. പറ്റുന്നത്ര നേരത്തേ പഠിച്ചു തുടങ്ങുക 'മന മങ്ങും മിഴിയിങ്ങും' ആയിരിക്കാതെ പൂർണ മായും തുടർന്നുള്ള സമയം പഠനത്തിൽ മാത്രം ശ്രദ്ധ ചെലുത്താം.

പഠിച്ചുതുടങ്ങുന്നതിന് മുൻപ് നന്നായി കുളിച്ച് ശുദ്ധമാവുന്നതും, നല്ല കാറ്റും, വെളിച്ചവും ഉള്ള സ്ഥലം പഠിക്കാൻ തിരഞ്ഞെടുക്കുന്നതും, നന്നായി പ്രാർഥിച്ച് മനസ്സ് ഏകാഗ്രമാക്കുന്നതും നല്ല തുടക്കത്തിന് സഹായിക്കും.

### പഠന സമയവും ക്രമവും

ഓരോരുത്തർക്കും പഠിക്കാൻ അവരുടേതായ രീതികളുണ്ട്. ഇരുന്നു പഠിക്കാം, നിന്നു പഠിക്കാം, ഉറക്കെ വായിച്ച് പഠിക്കാം, നടന്നു പഠിക്കാം, എഴുതി പഠിക്കാം. എന്തിന് കിടന്നുള്ളതൊഴിച്ച് ഏതു പഠനക്രമവും അഭികാമ്യമാണ്.

ഓർക്കുക കുറഞ്ഞത് 6 മണിക്കൂർ തുടർച്ചയായ ഉറക്കം. ഞരമ്പുകളുടെയും, തലച്ചോറിന്റെയും സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. പരീക്ഷാദിവസങ്ങളിൽ അല്പം പോലും ഉറങ്ങാതെ പഠിച്ച്, പരീക്ഷാ ടേബിളിൽ ബോധമറ്റു വീഴുന്നവരുണ്ടല്ലോ. പൊതുവായി കേൾക്കാറുള്ളതാണ് പുലർച്ചെ പഠിച്ചാൽ കൂടുതൽ ഏകാഗ്രത കിട്ടുമെന്ന്. എല്ലാ വിഷയങ്ങൾക്കും കൊടുക്കേണ്ട പ്രാധാന്യം കൊടുത്ത് ടൈം ടേബിൾ തയാറാക്കി പഠിക്കുക. പഠിക്കാൻ പറ്റില്ല എന്നുകരുതി ഒരുവിഷയത്തെയും മാറ്റിവയ്ക്കരുത്.
ഒരുമിച്ചുള്ള പഠനം പ്രയോജനപ്പെടുന്നതായി പറഞ്ഞു കേൾക്കാറുണ്ട്.

### വിഷയങ്ങളെ സ്നേഹിക്കുക

ഏതൊരു കാര്യത്തേയാണോ നെഗറ്റിവ് ചിന്താഗതിയോടെ സമീപിക്കുന്നത് അത് നിങ്ങൾക്ക് നെഗറ്റിവ് ഫലമേ തരൂ. ഏതു വിഷയത്തേക്കുറിച്ചോർക്കുമ്പോഴും മനസ്സിൽ ശുഭാപ്തി വിശ്വാസം നിറയ്ക്കുക. ഇന്നു മുതൽ ഏതു പുസ്തകം കൈയിൽ എടുക്കുമ്പോഴും അതിനെ നോക്കി സ്നേഹത്തോടെ പറയുക 'I Love You'

വിഷയം കൂടുതൽ പാടാണെങ്കിൽ തീവ്രമായി പറയുക, 'I Love Maths', 'I Love English'

*(ശേഷം 29-ാം പേജിൽ)*

# പല്ലുവേദന പഠിപ്പിക്കുന്നത്

ലിജോ വർഗീസ്

'അവർ അതുശ്രവിക്കുകയും അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്താൽ അവരുടെ ദിനങ്ങൾ ഐശ്വര്യത്തിലും വൽസരങ്ങൾ ആനന്ദത്തിലും പൂർത്തിയാക്കും' (ജോബ് 36:11)



നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകന്ന് ഒറ്റയ്ക്കാകുമ്പോഴാണ് ഈശോയുടെ സ്നേഹം കൂടുതൽ അനുഭവവേദ്യമാകുന്നതെന്ന് തോന്നുന്നു. എന്റെ ജീസസ് യൂത്ത് ഫുൾടൈമർഷിപ് (ഡിഗ്രിക്കുശേഷം ഒരുവർഷത്തെ മിഷൻ പ്രവർത്തനം) ഷില്ലോങ്ങിലായിരുന്നു.

തണുത്തുവിറച്ച ഒരു പ്രഭാതത്തിൽ ഞാൻ അവിടെയെത്തി. ഫാ. സജി സ്റ്റീഫൻ SDB ആയിരുന്നു ഷില്ലോങ്ങിൽ എന്റെ ഉത്തരവാദിത്തമുള്ള അച്ചൻ.

ഹൃദയത്തിൽ എപ്പോഴും ഈശോയ്ക്കുവേണ്ടിയുള്ള കനൽ സൂക്ഷിക്കുന്ന ഒരു വൈദികനാണ് സജിയച്ചൻ. അദ്ദേഹത്തിന്റെ ജീവിതം എന്നെ ഒത്തിരി സ്വാധീനിച്ചിട്ടുണ്ട്. പിന്നെ, ജീസസ് യൂത്ത് ലീഡറായ ലിനുചേച്ചിയെയും പരിചയപ്പെട്ടു. ആ ദിവസം മുതൽ ഇന്നുവരെയും അച്ചന്റെയും ചേച്ചിയുടെയും സ്നേഹവും, കൊച്ചു കൊച്ചു തിരുത്തലുകളും, പ്രാർഥനാ ചൈതന്യവുമാണ് എന്നെ വളർത്തുന്നത്.

ഷില്ലോങ് എനിക്ക് പുതിയ അനുഭവമായിരുന്നു. പരിചയമില്ലാത്ത ആളുകൾ, സ്ഥലങ്ങൾ, പുതിയ ജീവിതരീതികൾ...

ഈ സമയത്തുണ്ടായ ഒരുചെറിയ അനുഭവം എനിക്ക് നൽകിയ വലിയ ബോധ്യത്തെപ്പറ്റിയാണ് എനിക്കു പറയാനുള്ളത്.

ഒരിക്കൽ എനിക്ക് അസഹനീയമായ പല്ലുവേദനതുടങ്ങി. ദിവസങ്ങൾകഴിയുംതോറും അത് കൂടിക്കൂടിവന്നു. എനിക്ക് വല്ലാത്ത തളർച്ചയും തോന്നി. ആ സഹനങ്ങൾ ഏറ്റെടുക്കാനുള്ള ശക്തിക്കുവേണ്ടി ഞാൻ ആ ദിവസങ്ങളിൽ ഒത്തിരി പ്രാർഥിച്ചു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു പല്ലിനുകൂടി വേദനതുടങ്ങി. ഞാനാകെ തളർന്നുപോയി. ഞാൻ ഒരു ദിവസം പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ വചനം വായിക്കാനുള്ള ഒരു ശക്തമായ പ്രചോദനം തോന്നി. ഞാൻ വേഗം ബൈബിൾ തുറന്നു അന്ന് എനിക്ക് കിട്ടിയ വചനം ഇങ്ങനെയാണ്.

'എന്തെന്നാൽ സ്വർണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. അതുപോലെ കർത്താവിനു സ്വീകാര്യരായ മനുഷ്യർ സഹനത്തിന്റെ ചൂളയിലും' (പ്രഭാ 2:5)

ഈശോ എനിക്ക് സഹനങ്ങളും വേദനകളും അനുവദിക്കുകയായിരുന്നു. ഞാനവയൊക്കെ ഷില്ലോങ്ങിലെ ആളുകൾക്കുവേണ്ടിയും ദൂരെയുള്ള എന്റെ കുടുംബത്തിനു വേണ്ടിയും സമർപ്പിച്ചു.

വേദന അസഹനീയമായിവന്നു. ഞാൻ എന്റെ ഈശോയോടു പ്രാർഥിച്ചു: എന്റെ ഈശോയെ അങ്ങ് എനിക്ക് എന്റെ കൂട്ടുകാരനാണ്. എനിക്ക് ഈ വേദന സഹിക്കാനാവുന്നില്ല. ഞാനിത്ര മാത്രമേ പ്രാർഥിച്ചുള്ളു. അത്ഭുതകരമായി അടുത്തദിവസം ഈശോ ഒരു പല്ലിന്റെ വേദന മാറ്റി. ഈശോയുടെ സൗഖ്യദായകമായ സ്നേഹം അനുഭവിച്ച ദിവസങ്ങളായിരുന്നു അവ. ഞാൻ സജി അച്ചനോടു പറഞ്ഞ് വേദനയുള്ള പല്ല് റൂട്ട് കനാൽ ചെയ്തു. ട്രീറ്റ്മെന്റ് കഴിഞ്ഞ പിറ്റേദിവസം തൊട്ട് മറ്റേ പല്ലിന് വീണ്ടും വേദന തുടങ്ങി. ഈശോ എന്നിൽ നിന്നും കൂടുതൽ ആവശ്യപ്പെടുകയായിരുന്നു ആ ദിനങ്ങളിൽ. പല്ലിലുണ്ടായിരുന്ന ദ്വാരം അടച്ചതോടെ പൂർണമായ സൗഖ്യം പ്രാപിച്ചു.

ഉറ്റവരെല്ലാം അകലെയായിരിക്കുമ്പോൾ, സാഹചര്യങ്ങളെല്ലാം അപരിചിതമായിരിക്കുമ്പോൾ പ്രാർഥനമാത്രമാണ് ആശ്വാസമെന്നുതോന്നുന്ന സന്ദർഭങ്ങൾ വരും. സഹനത്തിനുള്ള കഴിവിനായി നമ്മൾ പ്രാർഥിച്ചുതുടങ്ങും. അപ്പോൾ ഈശോ വലിയ സൗഖ്യമായി, സാന്ത്വനമായി ഉള്ളിൽ നിറയും. വേദനയുടെയും സഹനത്തിന്റെയും വിലയായി ബോധ്യങ്ങൾ സമ്മാനിക്കും.

ഒത്തിരി നന്ദി... ഷില്ലോങ്ങിനും പല്ലുവേദനയ്ക്കും പിന്നെ എന്റെ ഈശോയ്ക്കും ■

# ഒരു ചിരി, ഒരു വാക്ക്

അനു തോമസ്



സംഭവമെന്നു പറയാൻ പോലുമാകാത്ത ചില ചെറിയ സംഭവങ്ങൾക്കുപോലും നമ്മെ സ്വാധീനിക്കാൻ കഴിയും. പാലാ സോണിൽ ഫുൾടൈമറാണ് ഞാൻ.

കഴിഞ്ഞ ദിവസം St. Jude-ന്റെ പള്ളിയിലാണ് വി.കുർബാനയ്ക്കു പോയത്. അവിടെ ചൊവ്വാഴ്ച ദിവസങ്ങളിൽ പള്ളിയിലേക്കു പോകുന്ന വഴിയിൽ ധാരാളം യാചകർ ഇരിക്കാറുണ്ട്. ഞാൻ സ്റ്റെപ്പ് കയറി ചെല്ലുമ്പോൾ അവിടെയിരുന്നവരിൽ ഒരാൾ എന്റെ നേരേ കൈനീട്ടി. ഞാൻ പഴ്സ് തുറന്ന് കാശു കൊടുത്ത് പള്ളിയിലേക്കു നടന്നു. അപ്പോൾ എന്റെ ഉള്ളിലൊരു ചിന്ത വന്നു. 'നീയും ഒരു സാധാരണക്കാരിയെപ്പോലെ പെരുമാറിയല്ലോ? ആ ആളെ നോക്കി ഒന്നു ചിരിക്കാൻ പോലും നിനക്കു സാധിച്ചില്ലല്ലോ.' ആ ഒരു വേദനയോടുകൂടിയാണ് അന്ന് വി. കുർബാനയിൽ പങ്കെടുത്തത് വി. കുർബാന കഴിഞ്ഞിറങ്ങിയ സമയത്ത് ആ ആൾ അതേ സ്ഥലത്ത് ഇരിപ്പുണ്ടായിരുന്നു. പിന്നെയും അദ്ദേഹം എന്റെ നേരേ കൈനീട്ടി. 'അങ്കിളേ, ഞാൻ നേരത്തേ തന്നായിരുന്നല്ലോ' ഞാൻ പറഞ്ഞു. അങ്കിളേ' എന്ന വാക്ക് എങ്ങനെയാണ് ആ സമയം വന്നതെന്ന് അറിയില്ല. എന്തായാലും ഞങ്ങൾ രണ്ടുപേരും അത്ഭുതപ്പെട്ടു. പിന്നെ ഞങ്ങൾ പരിചയപ്പെട്ടു. ചേട്ടന്റെ പേര് സുരേഷ്, വീട് പാലായിൽ. മേസ്തിരിയായി ജോലി ചെയ്യുന്നതിടയിൽ കാലിനു മുറിവു പറ്റി. തിരിച്ച് എന്നോട് പേരും, എന്താ ചെയ്യുന്നതെന്നുമെക്കെ അന്വേഷിച്ചു. എന്റെ അടുത്ത ലക്ഷ്യം ഈശോയെക്കുറിച്ചു പറയുക എന്നതായിരുന്നു. പക്ഷേ, അദ്ദേഹം അതിനു മുൻപു തന്നെ 'മോളെ ദൈവം അനുഗ്രഹിക്കട്ടെ. ഞാനും പ്രാർഥിക്കാം' എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ മുഖത്തെ പ്രകാശം, പ്രത്യേകിച്ച് കണ്ണുകളിലെ തിളക്കം, മനസ്സിൽ മായാതെ ഇപ്പോഴുമുണ്ട്. ശരിക്കും അദ്ദേഹത്തിൽ ഞാൻ ക്രിസ്തുവിനെ കാണുകയായിരുന്നു. അന്നത്തെ ദിവസം മുഴുവൻ എന്നെ മുന്നോട്ടു നയിച്ച എനർജി ആ കണ്ണുകളിൽ കണ്ട തിളക്കമായിരുന്നു.

*(പേജ് 27-ന്റെ തുടർച്ച)*

ഏതു ബുദ്ധിമുട്ടു പിടിച്ച വിഷയവും എളുപ്പമാകുന്നത് നേരിൽ കാണാനാവും.

### മടുപ്പ് തോന്നാതിരിക്കുക

പഠനം മുൻപോട്ടു പോകുന്നില്ല എന്നു തോന്നുമ്പോൾ, തോറ്റുപോകും എന്ന തോന്നലുണ്ടാകുമ്പോൾ, ഒന്നും ചെയ്യാൻ തോന്നാതിരിക്കുമ്പോൾ പോലും വായിക്കുക. പ്രത്യാശ നല്കുന്ന ദൈവ വചനം ഉരുവിടുക. എന്നെ സഹായിച്ച ദൈവ വചനമിതാണ് 'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും' (ഫിലി: 4:13)

### പരീക്ഷാ ദിവസങ്ങൾ

ഒട്ടും ടെൻഷൻവേണ്ട. സന്തോഷത്തോടെയും, പ്രത്യാശയോടെയും നേരത്തേ ഉണരുക, നന്നായി പ്രാർഥിക്കുക. പരീക്ഷക്ക് അരമണിക്കൂറെങ്കിലും മുൻപേ ഹാളിൽ എത്തുക. പരീക്ഷയ്ക്കു മുൻപുള്ള സമയം പഠിക്കാനുള്ള ബാക്കി ഭാഗം പഠിക്കാനോ, പഠിച്ചു തീർന്നഭാഗങ്ങൾ വീണ്ടും പഠിക്കാനോ ശ്രമിക്കരുത്. കാരണം ആ സമയത്ത് പഠിക്കുന്നതൊന്നും ഓർമയിൽ നിൽക്കാറില്ല.

കോപ്പിയടിയും മറ്റൊരാളുടെ നോക്കി എഴുതുന്നതും നന്മ നൽകില്ല. എനിക്ക് ഉത്തരം എഴുതാൻ കഴിയാത്തത് എന്റെ പഠനത്തിന്റെ കുറവാണ്. കോപ്പിയടിക്കുന്നതും, നോക്കി എഴുതുന്നതും എനിക്കർഹമല്ലാത്തത് മോഷ്ടിക്കലാണ്.

'താൻ പാതി ദൈവം പാതി' എന്നല്ലേ. നിങ്ങളുടെ പാതി നന്നായി ചെയ്താൽ ദൈവത്തിന്റെ പാതി ദൈവം ചെയ്യും, തീർച്ച ■

*(ലേഖിക MSW യൂണിവേഴ്സിറ്റി റാങ്ക് ജേതാവും കുട്ടികളുടെ ഇടയിൽ കൗൺസലിങ്ങും, പരിശീലന പരിപാടികളും നടത്തി വരുന്ന ഗ്രീൻ ലൈഫ് ഫൗണ്ടേഷന്റെ ഡയറക്റുമാണ്)*

facebook

കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.




# വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

## ഭാരതത്തിലെ സുവിശേഷ പ്രവർത്തകർ അറിയുന്നതിന്

'അൻപതു വർഷം മുൻപ് ഇത്തരത്തിലൊരു ചിത്രം നിർമിക്കപ്പെട്ടിരുന്നെങ്കിൽ ക്രിസ്തുവിനെക്കുറിച്ചും ക്രിസ്തുമതത്തെക്കുറിച്ചും ഉണ്ടായിട്ടുള്ള തെറ്റുധാരണകളെ അതു തുടച്ചുനീക്കുമായിരുന്നു.' ഈ അഭിപ്രായം പറഞ്ഞത് 'ക്രിസ്തായൻ' എന്ന സിനിമ കണ്ട ഏതാനും ഹൈന്ദവ നേതാക്കളാണ് (സത്യദീപം 86:24). ഫാ. ജിയോ ജോർജ് അവതരിപ്പിക്കുന്ന ഈ ഹിന്ദി ചിത്രം ഈശോയുടെ ജീവിതം ഭാരതീയ പശ്ചാത്തലത്തിൽ ചിത്രീകരിച്ചതാണ്.





ഏഷ്യയിൽ ജനിച്ചു ജീവിച്ച ക്രിസ്തു ഇന്ന് പാശ്ചാത്യനായി അറിയപ്പെടുന്നു. ക്രിസ്തുവിനെ ഏഷ്യക്കാരനായി അവതരിപ്പിക്കാൻ കഴിയാത്തതിന് ഇന്ന് നാം വലിയ വില കൊടുക്കുന്നുണ്ട്. ഏഷ്യയിലെ സഭ എന്ന അപ്പസ്തോലിക ലേഖനത്തിൽ ഇതു വ്യക്തമായിട്ടും ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പരാമർശിക്കുന്നുണ്ട്. സകല ജനങ്ങൾക്കും വേണ്ടി ഏഷ്യയിൽ പിറന്ന ക്രിസ്തു ഇന്ന് ഏഷ്യക്കാർക്ക് അന്യനായിട്ടുണ്ടെങ്കിൽ അതിനു പിന്നിൽ നമുക്കും ഉത്തരവാദിത്വമുണ്ട്.

സമ്പന്നനായ ഒരു ദൈവം എന്നായിരുന്നു യേശുവിനെക്കുറിച്ചുണ്ടായിരുന്ന എന്റെ ധാരണ. സഭയാകട്ടെ ഒരു മൾട്ടിനാഷണൽ ഓർഗനൈസേഷനും

ഓരോ ദേശത്തെയും ജനങ്ങൾക്കിടയിൽ ഏറ്റവും സ്വാധീനം ചെലുത്തുന്നത് സ്വന്തം സംസ്ക്കാരം തന്നെയാണ്. ഇതു മനസ്സിലാക്കിയിട്ടാണ് വത്തിക്കാൻ കൗൺസിൽ സാംസ്ക്കാരിക അനുരൂപണത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളത്. പാശ്ചാത്യരുടെ വേഷത്തിലും ഭാഷയിലും സംസ്ക്കാരത്തിലും ഈശോയെ അവതരിപ്പിച്ചതിന്റെ പരിണിതഫലം അവിടുത്തെ രക്ഷയെ അനേകർക്ക് അന്യമാക്കി എന്നതാണ്. ഭാരതീയ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ട 'ക്രിസ്തായൻ' എന്ന ചിത്രം ക്രിസ്തുവിനെക്കുറിച്ചും ക്രൈസ്തവരെക്കുറിച്ചും ഏറെ തെറ്റുധാരണകൾ മാറ്റാൻ കാരണമായിട്ടുണ്ടെങ്കിൽ ഈ സംഭവം സുവിശേഷ പ്രഘോഷണത്തിന് ഭാരതത്തിൽ ഏറ്റവും അനുയോജ്യമായ മാർഗം കണ്ടെത്തി എന്നു ന്യായമായും വിശ്വസിക്കാം.

അങ്കിത് ശർമ എന്ന ഹിന്ദു യുവാവാണ് ഈശോ ആയി സിനിമയിൽ അഭിനയിച്ചത്. അഭിനയത്തിനുശേഷം അങ്കിത് പറഞ്ഞത് ഇങ്ങനെയായിരുന്നു, 'എനിക്ക് യേശുവിനെ അറിയില്ലായിരുന്നു. സമ്പന്നനായ ഒരു ദൈവം എന്നായിരുന്നു യേശുവിനെക്കുറിച്ചുണ്ടായിരുന്ന എന്റെ ധാരണ. സഭയാകട്ടെ ഒരു മൾട്ടിനാഷണൽ ഓർഗനൈസേഷനും. എന്നാൽ, യേശുവിനെ കൂടുതൽ അറിഞ്ഞപ്പോൾ, അവൻ വലിയ മഹാനാണെന്നു വ്യക്തമായി. തീർച്ചയായും ആ ജീവിതം വലിയ മാറ്റങ്ങളാണ് എന്നിലുളവാക്കിയത്' – ഇത് ഒരു പൊതു വികാരമായി ക്രൈസ്തവർ മനസ്സിലാക്കണം. സുവിശേഷ പ്രവർത്തനങ്ങളുടെ പോരായ്മ ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാൻ കഴിയും.

## ഓരോരുത്തർക്കും തോന്നുന്നതു പോലെയല്ല ബലിയർപ്പണം

ശരിയായ വിധത്തിൽ ദിവ്യബലിയർപ്പണത്തിനു സഹായകരമായ മാർഗനിർദേശങ്ങൾ വത്തിക്കാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമ നവീകരണം ചിലരെങ്കിലും തെറ്റായിട്ടാണ് മനസ്സിലാക്കിയിരിക്കുന്നത്. നിലവിലുള്ള ക്രമത്തെ കൗൺസിൽ മാറ്റിമറിച്ചിട്ടില്ല. പാരമ്പര്യത്തിന്റെ തുടർച്ചയിലാണ് അതു മനസ്സിലാക്കേണ്ടത്. കൃത്യവും നിയതവുമായ രൂപത്തിലായിരിക്കണം ദൈവത്തിന് ആരാധന അർപ്പിക്കേണ്ടത്. ദിവ്യബലി ഓരോരുത്തർക്കും തോന്നുന്നവിധം അർപ്പിക്കാനുള്ളതല്ല. സംഗീതോപകരണങ്ങളുടെ പരിധിവിട്ടുള്ള മേളവും കൂടുതൽ ഗാനങ്ങൾ ഉൾപ്പെടുത്തി ബലിയർപ്പിക്കാനുള്ള പ്രവണതയുമൊക്കെ ബലിയുടെ യഥാർഥ ചൈതന്യത്തിൽ നിന്നുള്ള അകന്നുപോകലാണ്.

ദിവ്യബലിയിലെ പ്രാർഥനകൾ മാറ്റിച്ചൊല്ലുന്നവരും ഉപേക്ഷിക്കുന്നവരും മറ്റു ഗാനങ്ങൾ ഉൾപ്പെടുത്തുന്നവരും വത്തിക്കാന്റെ പുതിയ നിർദേശങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുമെന്നു വിശ്വസിക്കാം. വത്തിക്കാൻ ദൈവികാരാധന കാര്യാലയത്തിന്റെ അധ്യക്ഷൻ

കാർഡിനൽ അന്റോണിയോ കനിറൈസ് ആണ് ഇക്കാര്യമറിയിച്ചത് (സത്യദീപം 86:24).

## വിവാഹത്തിനു മുൻപ് ശാരീരിക ബന്ധമാകാമെന്ന് ആരാണ് നിങ്ങളെ പഠിപ്പിച്ചത്?

സ്ത്രീപീഡന ചർച്ചകൾ ഇന്നും തുടരുകയാണ്. ഇത്രയും പൊതുശ്രദ്ധ കിട്ടിയിട്ടും പീഡന കഥകൾക്ക് ക്ഷാമവുമില്ല. സത്യസന്ധവും നിഷ്പക്ഷവുമായ ഒരു വിശകലനം ആരുടെയും ഭാഗത്തുനിന്ന് ഉണ്ടായിട്ടുമില്ല. ഓരോരുത്തരും അവനവന്റെ കാഴ്ചപ്പാടിൽ പ്രശ്നത്തെ അപഗ്രഥിക്കുകയാണു ചെയ്യുന്നത്. അതുകൊണ്ട് യഥാർഥ പ്രശ്നങ്ങളോ പരിഹാരമോ ഇപ്പോഴും അകലെയാണ്.

പല പീഡനക്കേസുകളും പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന വസ്തുത, പ്രണയം നടിച്ച് വിവാഹ വാഗ്ദാനം നൽകി ശാരീരികബന്ധം പുലർത്തുകയും പിന്നെ ഉപേക്ഷിക്കുകയും ചെയ്ത സംഭവങ്ങളാണ്. അല്ലെങ്കിൽ ശാരീരികബന്ധം പുലർത്തിയതിനുശേഷം നിരവധി പേർക്കു കൈമാറി എന്നതാണ്. വിവാഹത്തിനു മുൻപ് ശാരീരികബന്ധം പുലർത്താൻ ആരാണ് അനുമതി നൽകിയത്? വൈവാഹിക ജീവിതത്തിൽ നിഷിപ്തമായ ഒരു കാര്യത്തെ പരസ്യമായി ലംഘിക്കാൻ കൂട്ടുനിന്നിട്ട് പീഡിപ്പിക്കപ്പെട്ടു എന്നു പറഞ്ഞ് വിലപിക്കുന്നതിൽ കാര്യമുണ്ടോ? യഥാർഥത്തിൽ ഇവിടെ വഞ്ചനയ്ക്കെതിരെയാണ് കേസു കൊടുക്കേണ്ടത്. എന്തു പ്രലോഭനമുണ്ടായാലും വാഗ്ദാനം നടത്തിയാലും സ്വന്തം ദേഹത്തു കൈവയ്ക്കാൻ അന്യ പുരുഷന് സമ്മതം നൽകാതിരുന്നെങ്കിൽ ഇന്നു നാം കേൾക്കുന്ന അഥവാ ആഘോഷിക്കുന്ന പല പീഡനക്കേസുകളും ഉണ്ടാകില്ലായിരുന്നു.

സമൂഹത്തിൽ ഒരു നിശ്ചിത ശതമാനം വ്യക്തികൾ കുറ്റവാസനയുള്ളവരാണ്. അതിന് ഏറ്റക്കുറച്ചിലുകളുണ്ടാകാം. കൊലപാതകം, ബലാൽസംഗം, കൊള്ള, തട്ടിപ്പ്, കൃത്രിമ രേഖകളുണ്ടാക്കൽ, അന്യന്റെ സ്വത്തു കൈവശപ്പെടുത്തൽ, അന്യന് പേരുദോഷം വരുത്തൽ, ക്രൂരമായ പെരുമാറ്റം തുടങ്ങി ക്രമക്കേടുകളുടെ ഒരു ഘോഷയാത്രതന്നെ ഇവരുടെ ജീവിതത്തിലുണ്ടാകും. ഇത്തരം സ്വഭാവവൈകൃതമുള്ളവർ നമ്മുടെയിടയിലുണ്ടാകാമെന്ന ജാഗ്രതയോടെ ജീവിച്ചാൽ ഒട്ടനവധി സംഭവങ്ങളെ ഇല്ലാതാക്കാൻ കഴിയും.

അടിയുറച്ച ക്രിസ്തീയ വിശ്വാസമുള്ള ഒരു പുരുഷനോ, സ്ത്രീയോ വിവാഹപൂർവ ലൈംഗികബന്ധത്തിനു തയ്യാറാവുകയില്ല. അതിനുള്ള അനുവാദം ആരും നൽകിയിട്ടുമില്ല. ഇതു തിരിച്ചറിയാതെ, ആരെങ്കിലും പ്രണയവുമായി വന്നാലുടനെ ശരീരം വിട്ടുകൊടുക്കാൻ സന്നദ്ധരാകുന്നവർ പാപത്തെയാണു പുൽകുന്നത്. പാപം ചെയ്യുന്നവർ ശിക്ഷാർഹരാണ്.

കൊലപാതകത്തെക്കാൾ നിന്ദ്യമാണ് ബലാൽസംഗം. പിന്നീടവർ മരിച്ചുജീവിക്കേണ്ടിവരുന്നു. അവരുടെ മാനസിക ഘടന അപ്പാടെ തകരാറിലാകുന്നു. ഇരയാക്കപ്പെടുന്നവരുടെ മനസ്സിനും ശരീരത്തിനും ക്ഷതമേല്ക്കുന്നു. ഇതിന്റെ ഉത്തരവാദികൾ കഠിനമായ ശിക്ഷയ്ക്കർഹരാണ്.

മോശമായ വസ്ത്രധാരണം ബലാൽസംഗത്തിന് പ്രത്യക്ഷമായ കാരണമാകുമെന്നു പറയാൻ കഴിയില്ല. പക്ഷേ, പ്രകോപനപരമാണ്. അല്ലെന്നു പറയുന്നവർ സ്ത്രീകളുടെയും പുരുഷന്മാരുടെയും മാനസികനിലകൾ പഠിക്കാത്തവരാണ്. വിമൻസ് ആക്ടിവിസ്റ്റുകളും സ്ത്രീവിമോചനക്കാരും ഫാഷൻ ഡിസൈനേഴ്സും എത്രതന്നെ ഉറഞ്ഞുതുള്ളിയാലും ശരി, വസ്ത്രധാരണത്തിൽ അടക്കം പാലിക്കുന്നതാണ് ക്രിസ്തീയ വിശുദ്ധിക്കു ചേരുന്നത്. ആർക്കും ആരുടെയും ശരീരക്കാഴ്ചകൾ പ്രശ്നം സൃഷ്ടിക്കില്ലായിരുന്നുവെങ്കിൽ ഇവിടെയെന്തിനാണ് സ്ത്രീ പുരുഷ വേർതിരിവ് ഉണ്ടാക്കിയിരിക്കുന്നത്? സ്ത്രീകൾ കുളിക്കുന്നിടത്തും വസ്ത്രം മാറുന്നിടത്തും അന്യപുരുഷന്മാരെ വിലക്കുന്നതെന്തിന്?

ചുരുക്കത്തിൽ, പറയാനുള്ളതിതാണ്; വിവാഹത്തിനു മുൻപ് ലൈംഗികത അനുവദനീയമാണെന്ന തെറ്റായ കാഴ്ചപ്പാട് പലരും പുലർത്തുന്നു. ഇതിനു തുനിയുന്ന സ്ത്രീയും പുരുഷനും വ്യഭിചാരം ചെയ്യുകയാണ്. വ്യഭിചാരം പാപമാണ്. പാപത്തിനു കൂട്ടുനിന്നിട്ട് കബളിപ്പിക്കപ്പെട്ടു എന്നുപറയുന്നതിൽ കാര്യമില്ല. വിവാഹജീവിതംവരെ ശരീരത്തെ പിടിച്ചുനിർത്താൻ കഴിയാത്തവർ ബോധപൂർവം അഗ്നിയിൽ ചാടുന്നവരാണ്. ചാടിയിട്ട് പൊള്ളലേൽക്കുന്നത് അതിന്റെ തന്നെ സ്വഭാവമാണ്. സമരം നടത്തേണ്ടത് തോന്നിയപോലെ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടിയല്ല, ബലം പ്രയോഗിച്ച് ശരീരത്തെ കവർന്നെടുക്കുന്ന കശ്മലന്മാർക്കെതിരെയാണ് ■

**വിമൻസ് ആക്ടിവിസ്റ്റുകളും സ്ത്രീവിമോചനക്കാരും ഫാഷൻ ഡിസൈനേഴ്സും എത്രതന്നെ ഉറഞ്ഞുതുള്ളിയാലും ശരി, വസ്ത്രധാരണത്തിൽ അടക്കം പാലിക്കുന്നതാണ് ക്രിസ്തീയ വിശുദ്ധിക്കു ചേരുന്നത്**

## യുക്തിയും വിശ്വാസവും



ജോബി തോമസ് എം.ടെക്ക്, കട്ടപ്പന

# യേശു

## മനുഷ്യനായി അവതരിച്ച ദൈവം



താൻ ദൈവത്തിന്റെ അവതാരമാണ്, എന്നവകാശപ്പെട്ടുകൊണ്ട് ചില മനുഷ്യർ ഓരോ കാലങ്ങളിൽ ലോകത്തിന്റെ പല ഭാഗത്തും പ്രത്യക്ഷപ്പെടാറുണ്ട്. അധികമാരാലും അറിയപ്പെടാതെ അവർ കടന്നുപോവുകയും ചെയ്യും. ഇങ്ങനെയുള്ളവരുടെ അവകാശവാദങ്ങൾ നമുക്ക് അംഗീകരിക്കാനാവില്ല. താൻ ദൈവത്തിന്റെ അവതാരമാണ് എന്ന് ഒരാളെപ്പറ്റിയുള്ള അവകാശവാദം ഗൗരവമായ പരിഗണന അർഹിക്കണമെങ്കിൽ അയാൾ:

1. പ്രധാനപ്പെട്ട ഒരു ലോകമതത്തിന്റെ സ്ഥാപകനോ, അതല്ലെങ്കിൽ ഏതെങ്കിലും ഒരു ലോകമതത്തിൽ നിലനിൽക്കുന്ന സ്വാധീനം ചെലുത്തിയിട്ടുള്ള വ്യക്തിയോ ആയിരിക്കണം.

2. ജനനം മുതലേ അസാധാരണത്വം ഉള്ള വ്യക്തിയായിരിക്കണം.

3. ഈ ഭൂമിയിൽ ഒരിക്കൽ ജീവിച്ചിരുന്നു എന്ന് യൂണിവേഴ്സിറ്റികളിലെ ചരിത്ര ഡിപ്പാർട്ടുമെന്റുകൾ അംഗീകരിക്കുന്ന ഒരു വ്യക്തിയും ആയിരിക്കണം.

ലോകത്ത് ഏതാണ്ട് പത്തോളം പ്രധാനപ്പെട്ട മതങ്ങളുണ്ട്. ഇസ്ലാം മതത്തിന്റെ സ്ഥാപകനായ മുഹമ്മദ് നബി താൻ ഏക ദൈവമായ അള്ളാഹുവിന്റെ പ്രവാചകനാണന്ന് അവകാശപ്പെട്ടു. ബുദ്ധമതം, ജൈനമതം, സിക്കുമതം എന്നിവയുടെ സ്ഥാപകരായ സിദ്ധാർഥൻ, വർധമാനമഹാവീരൻ, ഗുരുനാനാക്ക് എന്നിവർ തങ്ങൾക്ക് ഒരു നിശ്ചിതപ്രായത്തിൽ ജ്ഞാനോദയം ഉണ്ടായി എന്നു മാത്രമേ അവകാശപ്പെട്ടിട്ടുള്ളൂ. സൊറവാസ്ട്രിയൻ മതത്തിന്റെ സ്ഥാപകനായ സൊറവാസ്ടർ അവകാശപ്പെട്ടത് താൻ അത്യുന്നത ദൈവമായ അഹുറാമാസ്ദായുടെ പ്രവാചകനാണ് എന്നത്രേ. കൺഫ്യൂഷ്യൻ മതത്തിന്റെ സ്ഥാപകനായ കൺഫ്യൂഷ്യസോ, താവൊ മതത്തിന്റെ സ്ഥാപകനായ ലാവൊ റ്റ്സുമോ തങ്ങൾ ദൈവത്തിന്റെ അവതാരങ്ങളാണന്ന് അവകാശപ്പെട്ടിട്ടില്ല. ഷിന്റൊ മതത്തിന് പ്രത്യേക സ്ഥാപകരില്ല. അത് പ്രകൃതി ശക്തികളെ ആരാധിക്കുന്ന ഒരു മതമാണ്. യഹൂദ മതത്തിൽ നിരവധി പ്രവാചകൻമാർ ഉണ്ടെങ്കിലും അവരിൽ ഒരാൾ പോലും താൻ ദൈവത്തിന്റെ അവതാരമാണന്ന് അവകാശപ്പെട്ടിട്ടില്ല. ഹിന്ദു മതത്തിനും പ്രത്യേക സ്ഥാപകരില്ല. എന്നാൽ ശങ്കരാചാര്യർ, രാമാനുജൻ, രാജാ റാം മോഹൻറോയി, ദയാനന്ദ സരസ്വതി. ശ്രീ രാമകൃഷ്ണ പരമഹംസൻ, സ്വാമി വിവേകാനന്ദൻ തുടങ്ങി മഹാൻമാരായ നിരവധി ചരിത്രപുരുഷൻമാർ ഈ മതത്തിൽ ഉണ്ട്. എന്നാൽ ഇവരിൽ ഒരാൾ പോലും താൻ ദൈവത്തിന്റെ അവതാരമാണന്ന് ജീവിച്ചിരുന്ന കാലത്ത് അവകാശപ്പെട്ടിട്ടില്ല.

മേൽപറഞ്ഞതിൽ ചിലരുടെ മരണശേഷം, അവർ ദൈവത്തിന്റെ അവതാരങ്ങളാണ് എന്നു സ്ഥാപിക്കാനുള്ള നീക്കങ്ങൾ അനുയായികളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. എന്നാൽ, ലോക മതങ്ങളുമായി ബന്ധപ്പെട്ട പ്രധാന ചരിത്രപുരുഷൻമാരുടെ ഇടയിൽ, താൻ ദൈവത്തിന്റെ അവതാരമാണന്ന് ജീവിച്ചിരുന്ന കാലഘട്ടത്തിൽത്തന്നെ വ്യക്തമായ അവകാശവാദം ഉന്നയിച്ചത് യേശുക്രിസ്തു മാത്രമാണ്.

*ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത് (യോഹ. 1:18).*